# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചിതറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: **doklm.ksad@kerala.gov.in**
ഫോൺ : **0474-2740141**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ കെ എൽ എം പി -3/2137/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 03/12/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിതറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിതറ ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിതറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ എൽ എം പി -3/2137/24 തീയ്യതി: 03/12/2024

## കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സജികുമാർ.ജി | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2024 | 21-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-11-2024 | 21-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.സിജാറാണി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.ചന്ദ്രപ്രകാശ്.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനീഷ്.വി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജയകുമാരി അമ്മ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം.എസ്.മുരളി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.രാജേഷ്.ആർ | സെക്രട്ടറി | 01-04-2023 | 13-07-2023 |
| ശ്രീമതി.അമ്പിളി.ഒ | സെക്രട്ടറി | 14-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സൌമ്യ | അസിറ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.രാഗേഷ്.എസ്.ആർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി മാങ്കോട് | 01-04-2023 | 25-06-2023 |
| ഡോ.റീന | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി മാങ്കോട് | 26-06-2023 | 01-09-2023 |
| ഡോ.തോമസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി മാങ്കോട് | 02-09-2023 | 13-12-2023 |
| ഡോ.റോഹൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി മാങ്കോട് | 14-12-2023 | 28-02-2024 |
| ഡോ.റീന | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി മാങ്കോട് | 29-02-2024 | 31-03-2024 |
| ഡോ.വിനോദ് കുമാർ.വി.കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-08-2023 |
| ഡോ.ഷമ്മി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-09-2023 | 31-03-2024 |
| ശ്രീ.ഷായിസ്.എസ് | കൃഷി ഓഫീസർ | 01-04-2023 | 05-11-2023 |
| ശ്രീ.ജോയി.വൈ | കൃഷി ഓഫിസർ | 06-11-2023 | 31-03-2024 |
| ശ്രീമതി സിന്ധു.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 11-07-2023 |
| ശ്രീമതി.ഗായത്രി.എസ്.വി | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ.രാജു.ബി | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ലേഖ.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ.അജീഷ് കുമാർ.ബി.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. പ്രീത.എം.ജി. | വി.ഇ.ഒ. ചിതറ സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ.നിസാമുദ്ദീൻ.എ | വി.ഇ.ഒ. മാങ്കോട് സർക്കിൾ | 01-04-2023 | 12-07-2023 |
| ശ്രീ.നവാസ് | വി.ഇ.ഒ. മാങ്കോട് സർക്കിൾ | 13-07-2023 | 31-03-2024 |
| ശ്രീമതി. രമ്യ രമണൻ | വി.ഇ.ഒ. മടത്തറ സർക്കിൾ | 01-04-2023 | 13-07-2023 |
| ശ്രീ.ശ്രീനാഥ്.ബി.എസ്. | വി.ഇ.ഒ.മടത്തറ സർക്കിൾ | 14-07-2023 | 31-03-2024 |
| ഡോ.എം.എ. നിസ്സാം | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ.അജാസ് മുഹമ്മദ് | അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ നിസ്സാം | വെര്റിനറി സർജ്ജൻ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ കണക്കുകൾ പൊരുത്തപ്പെടുന്നില്ല-3478875/- രൂപ നീക്കിയിരുപ്പിൽ നിന്നും അധികം ചെലവഴിച്ചു | 1-1-3 |
| 5 | ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ വിതരണ തുക 2023-24 വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തതിൽ 11,20,000/- രൂപയുടെ വ്യത്യാസം | 1-1-4 |
| 6 | Web Saankhya ACR -AFS പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | B-4, B-9 ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല/ കൃത്യമല്ല | 1-1-6 |
| 8 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് കണക്ക് ഇ-ഗ്രാം , ബാങ്ക് അക്കൗണ്ട് , ILGMSപൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ILGMS ബാങ്ക് ബുക്ക് റിക്കൺസിലിയേഷൻ ചെയ്തതിൽ അപാകത | 1-1-8 |
| 10 | ജേണൽ വൗച്ചർ അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വരവ് രജിസ്റ്ററുകളിൽ ഡി.സിബി അബ്സ്ട്രാക്ട് തയ്യാറാക്കുന്നില്ല | 1-1-10 |
| 12 | വസ്തു നികുതി-സഞ്ചയ-വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | Receivables Of Redumption - 1,86,547/-രൂപയുടെ കുറവ് | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പെൻഷനുകൾ | 1-7 |
| 20 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 23 | തുക ബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടില്ല. | 1-11 |
| 24 | വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചില്ല | 1-12 |
| 25 | 01-04-2023 മുതൽ പ്രബല്യത്തിൽ വസ്തുനികുതി പരിഷ്കരിച്ചില്ല | 1-13 |
| 26 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 27 | തൊഴിൽ നികുതി-പിഴപ്പലിശ ഈടാക്കിയിട്ടില്ല. | 1-15 |
| 28 | ലേലത്തുക പൂർണ്ണമായും ഈടാക്കിയില്ല. | 1-16 |
| 29 | വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-17 |
| 30 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. | 1-18 |
| 31 | തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി വാഹനവാടക അനുവദിച്ചു. | 1-19 |
| 32 | ആർദ്രം പദ്ധതി – ആരോഗ്യ പ്രവർത്തകരെ മാർഗ്ഗരേഖയിൽ വിവക്ഷിക്കുന്നതിലും അധികമായി നിയമിച്ചിരിക്കുന്നു. | 1-20 |
| 33 | വാഹനവാടക - പ്രതിരോധ കുത്തിവയ്പ്/ആരോഗ്യ പ്രവർത്തനങ്ങൾ വാഹന ഉപയോഗം അപാകതകൾ സംബന്ധിച്ച് | 1-21 |
| 34 | സംയുക്ത പരിശോധനയില്ല-വെള്ളക്കരമിനത്തിൽ 15609390/- രൂപ കുടിശ്ശിക. | 1-22 |
| 35 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ - റി-ഏജന്റുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-23 |
| 36 | ക്ഷീര സമൃദ്ധി പശുവളർത്തൽ പദ്ധതി  - നിർവ്വഹണരേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 1-24 |
| 37 | കോഴിവളർത്തൽ പ്രോജക്ടുകൾ - നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 38 | മൃഗാശുപത്രിയുടെ ദൈനംദിന ചെലവ്. – ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല. | 1-26 |
| 39 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു-145000/- രൂപ നിരാകരിക്കുന്നു. | 1-27 |
| 40 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-28 |
| 41 | തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റ് -നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-29 |
| 42 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ ചെലവഴിക്കപ്പെടാതെ തുക അവശേഷിച്ചിരിക്കുന്നു. | 1-30 |
| 43 | പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ- 14355/- രൂപ അധികം അനുവദിച്ചു | 1-31 |
| 44 | തെരുവ് വിളക്ക് സ്ഥാപിക്കൽ- ഇരട്ടിപ്പ് - 87220/- രൂപ അധികം അനുവദിച്ചത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. | 1-32 |

| | | |
|---|---|---|
| 45 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം - QR Code Enrollment Details എന്നിവ പൊരുത്തപ്പെടുന്നില്ല | 1-33 |
| 46 | മുൻകൂർ കൈപ്പറ്റിയ ശേഷം വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. | 1-34 |
| 47 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല | 1-35 |
| 48 | പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-36 |
| 49 | കമ്പിക്കാട് നീന്തൽപരിശീലന കേന്ദ്രം വസ്തു വാങ്ങൽ -പ്രമാണത്തിൽ വാഹനഗതാഗത സൗകര്യം പ്രതിപാദിക്കുന്നില്ല | 1-37 |
| 50 | ഇൻഷുറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയില്ല. | 1-38 |
| 51 | ഹരിതകർമ്മ സേന അവലോകനം | 1-39 |
| ഭാഗം **2** | | |
| 1 | ലേലത്തുക പൂർണ്ണമായും ഈടാക്കിയില്ല. | 2-1 |
| ഭാഗം **3** | | |
| 1 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു-145000/- രൂപ നിരാകരിക്കുന്നു. | 3-1 |
| 2 | തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി വാഹനവാടക അനുവദിച്ചു. | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | അനുബന്ധപത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

**1-1-1 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല**

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ.

**1-1 ഓഡിറ്റ് സാക്ഷ്യപത്രം**

1. ചിതറ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07/06/2024 ലെ 11(I) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 12/08/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും, ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെകേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിതറ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2024 ലെ സാമ്പത്തിക നിലയുടെയും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കൊല്ലം
തീയതി : 03-12-2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസ്ങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് =1,53,36,158/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40b-40a) = 82,27,330/-രൂപ

വ്യത്യാസം =71,08,828/-രൂപ

**1-1-3 ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ കണക്കുകൾ പൊരുത്തപ്പെടുന്നില്ല- 3478875/- രൂപ നീക്കിയിരുപ്പിൽ നിന്നും അധികം ചെലവഴിച്ചു**

ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ കണക്കുകൾ പൊരുത്തപ്പെടുന്നില്ല- 34,78,875/-രൂപ നീക്കിയിരുപ്പിൽ നിന്നും അധികം ചെലവഴിച്ചു.

A) ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ

| | |
|---|---|
| 2022-23 വായ്പ വിതരണ ബാക്കി (2022-23 ഓഡിറ്റ് റിപ്പോർട്ട് | (-) 9,48,875/-രൂപ |
| 2023-24 വായ്പ ഇനത്തിൽ ലഭിച്ച തുക | 1,31,20,000/-രൂപ |
| ആകെ വിതരണം ചെയ്യാൻ ലഭ്യമായ ലോൺ തുക | 1,21,75,125/-രൂപ |
| 2023-24 ൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തലോൺ തുക | 1,56,50,000/-രൂപ |
| | |

| | |
|---|---|
| അധികം വിതരണം ചെയ്ത തുക | 34,78,875/-രൂപ |

**1-1-4 ലൈഫ് ഭവന പദ്ധതിക്കായുള്ള വായ്പ വിതരണ തുക 2023-24 വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തതിൽ 11,20,000/- രൂപയുടെ വ്യത്യാസം**

പ്രോജക്ട് നം 93/2023-24 ന് 9,67,00,000/-രൂപ ചെലവുണ്ട്. എന്നാൽ ACR ൽ 85,50,000/-രൂപയുടെ ചെലവ് ഉൾപ്പെട്ടത്. ബിൽ നം 88/07-08-2023 (ചെക്ക് നം 132618/09-08-2023) പ്രകാരമുള്ള 11,20,000/-രൂപ ചെലവ് ഉണ്ടെങ്കിലും പ്രസ്തുത റികിസിഷൻ പേയ്മെന്റ് നടന്നതിന് ശേഷം ക്യാൻസൽ ചെയ്യപ്പെട്ടു, ആയത് മൂലം 2023-24 വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തതിൽ 11,20,000/-രൂപയുടെ വ്യത്യാസം വന്നത് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ACR പ്രകാരം വായ്പ വിതരണ തുക | 1,45,30,000/-രൂപ |
| ACR ഉൾപ്പെടാത്ത വായ്പ വിതരണ തുക | 11,20,000/-രൂപ |
| യഥാർത്ഥ ചെലവ് | 1,56,50,000/-രൂപ |
| JV No 42301852 തീ 31/03/2024 പ്രകാരം Pre Paid Programme Expense ശീർഷകത്തിന് ഡെബിറ്റ് ചെയ്ത തുക | 1,45,30,000/-രൂപ |
| 2023-24 വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തതിലെ വ്യത്യാസം | 11,20,000/-രൂപ |

**1-1-5 Web Saankhya ACR -AFS പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്നില്ല**

2023-24 സാമ്പത്തിക വർഷം വിവിധ ഫണ്ടുകളിൽ ACR പ്രകാരമുള്ള ചെലവും, AFS ചെലവിന് തുല്യമായ തുക വരവായി ബുക്ക് ചെയ്തതും വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | **AFS** പ്രകാരമുള്ള ചെലവും **I-6** ൽ വരവായി കണക്കാക്കിയ ചെലവ് തുക+**Capital Contribution** | | **ACR** പ്രകാരമുള്ള ചെലവ് + സ്രോതസ്സിൽ കുറവ് ചെയ്ത തുക(രൂപ) | വ്യത്യാസം (രൂപ) | അപാകത |
|---|---|---|---|---|---|
| വികസന ഫണ്ട് – എസ്.സിപി | I-6 | 1,13,26,497/- | 1,40,88,962/- | 69,994/- | |
| | Capital Contribution | 26,92,465/- | | | |
| | ആകെ | 1,40,18,968/- | | | |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | I-6 | 67,25,788/- | 67,71,404/- | 45,616/- | എ സി ആർ ബിൽ നം 732/30-03-2024, പ്രകാരം 3444/-രൂപയും, 733/30-03-2024, 42172/-രൂപയും ഉൾപ്പടെ 45616/-രൂപ ട്രഷറിയിൽ 2023-24 ൽ പേയ്മെന്റ് |

| | | | | | |
|---|---|---|---|---|---|
| | | | | | ആയിട്ടില്ല.<br>ആയത് എ സി ആർ ക്യാൻസൽ ചെയ്തിട്ടില്ല. |
| മെയിന്റനൻസ് ഫണ്ട് -റോഡ് | I-6 | 1,13,84,638/- | 1,90,45,082/- | 76,60,444/- | BDS ഇരട്ടിപ്പ്/ 2023-24 ൽ പേയ്മെന്റ് ആകാത്ത ബില്ലുകൾ<br>ACR Bil No \| തുക(രൂപ)<br>193/09-11-2023 \| 5,57,706/-<br>192/09-11-2023 \| 9,11,996/-<br>305/29-12-2023 \| 6,69,202/-<br>359/08-01-2024 \| 9,56,099/-<br>369/11-01-2024 \| 5,22,130/-<br>461/22-02-2024 \| 5,83,917/-<br>460/22-02-2024 \| 6,18,032/-<br>492/29-02-2024 \| 5,39,442/-<br>542/15-03-2024 \| 14,99,911/-<br>563/20-03-2024 \| 5,15,979/-<br>731/30-03-2024 \| 2,86,030/-<br>ആകെ \| 76,60,444/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് | I-6<br>Capital Contribution<br>അകെ | 83,88,652/-<br>2,87,592/-<br>86,76,244/- | 89,93,424/- | 3,17,180/- | വ്യക്തമല്ല |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | I-6<br>Capital Contribution<br>അകെ | 18,23,292/-<br>17,34,076/-<br>35,57,368/- | 36,30,897/- | 73,529/- | വ്യക്തമല്ല |
| എസ് ബി എം | I-6 | 0 | 5,16,000/- | 5,16,000/- | പ്രോജക്ട് നം 82/2023-24 ന്റ ഭാഗമായി PFMS അക്കൗണ്ടിൽ നിന്നും ചെലവഴിച്ച 516000/- രൂപ I-6 ൽ ഉൾപ്പെടുത്തിയില്ല. |
| TSC | 1-6 | 0 | 70,615/- | 70,615/- | പ്രോജക്ട് നം 209/2023-24 ന്റ ഭാഗമായി ചെലവഴിച്ച 516000/- രൂപയുടെ റികിവിസിഷൻ ACR പ്രകാരം Total Sanitation Campaign ൽ നിന്നാണ് നൽകിയത് എന്നാൽ I-6 ൽ ചെലവ് ഉൾപ്പെടുത്തിയില്ല. |
| ശുചിത്വ മിഷൻ | I-6 | 0 | ACR -SBM = 16,02,533/- | 16,02,533/- | ചെക്ക് നം \| തുക(രൂപ)<br>8515657/12/09/2023 \| 1,99,209/-<br>4322127/13/11/2023 \| 7,22,199/-<br>047469/24/01/2021 \| 82,895/-<br>047485/08/02/2024 \| 1,00,791/-<br>1445254/25-03-2024 \| 4,39,486/-<br>823347/27-03-2024 \| 57,953/-<br>ആകെ \| 16,02,533/- |

| | |
|---|---|
| | മേൽ വിവരിച്ച പ്രകാരം പ്രോജക്ട് നം 248/2023-24, 254/2023-24, 236/2023-24 എന്നിവയ്ക്ക് ശുചിത്വമിഷൻ ഫണ്ട് ആണ് വകയിരുത്തിയത് എന്നാൽ 1602533/- രൂപ തനത് ഫണ്ടിൽ നിന്നും നൽകി. |

## 1-1-6 B-4, B-9 ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല/കൃത്യമല്ല

| ക്രമ നം | അക്കൗണ്ട് ശീർഷകം | **B-4** ഷെഡ്യൂളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക(രൂപ) | അപാകത |
|---|---|---|---|
| 1 | 320700104 | 23,04,900/- | ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരുപ്പ് തുകയില്ല. നീക്കിയിരുപ്പ് ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല. |
| 3 | 320700204 | 1,84,917/- | |
| 4 | 320700205 | 44,250/- | |
| 5 | 320800101 | 5,86,890/- | ഗുണഭോക്തൃ വിഹിതം നീക്കിയിരുപ്പ് ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല. |

## 1-1-7 ധനകാര്യ കമ്മീഷൻ ഗ്രാന്റ് കണക്ക് ഇ-ഗ്രാം , ബാങ്ക് അക്കൗണ്ട് , ILGMSപൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് കണക്ക് ഇ-ഗ്രാം, ബാങ്ക് അക്കൗണ്ട് , ILGMSപൊരുത്തപ്പെടുന്നില്ല വിശദാംശം ചുവടെ.

| ടൈഡ് ഫണ്ട് **2023-24** | | | | | |
|---|---|---|---|---|---|
| പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | **Expenditure-₹** | **ILGMS Payment-₹** | **Bank Payment ₹** | **Not Paid In Bank ₹** |
| 68 | പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വിതരണം | 400586/- | 400586/- | 400586/- | 0 |
| 79 | ടൊയ്‌ലറ്റ് അറ്റകുറ്റപ്പണികൾ റെട്രോഫിറ്റിംഗ് | 470000/- | 470000/- | 460000/- | 10000/- |
| 82 | ഗാർഹിക കക്കൂസ് നിർമ്മാണം | 170000/- | 170000/- | 170000/- | 0 |
| 172 | അംഗനവാടികളിലേയും പൊതു സ്ഥലങ്ങളിലേയും കുഴൽക്കിണർ സ്ഥാപിക്കൽ | 610355/- | 610355/- | 610355/- | 0 |
| 212 | ക്രിമറ്റോറിയം കെട്ടിട നിർമ്മാണം | 559261/- | 528452/- | 528452/- | 30809/- |
| 226 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് വിതരണം | 87480/- | 87480/- | 0 | 87480/- |
| 228 | ഗാർഹിക ബയോബിൻ വിതരണം | 768755/- | 752155/- | 752155/- | 6274/- |

| | | | | | |
|---|---|---|---|---|---|
| 249 | പഞ്ചായത്തിന് എം.സി.എഫും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും | 151285/- | 130103/- | 130103/- | 21182/- |
| 254 | ചിതറ പഞ്ചായത്തിലെ ഗവ. എൽ.പി സ്കൂളുകളിൽ തുമ്പൂർ മൂഴി മോഡൽ ബയോ കമ്പോസ്റ്റ് നിർമ്മാണം | 413175/- | 385849/- | 385849/- | 27326/- |
| | നികുതികൾ കുറവു ചെയ്തത് | - | 22388/- | - | - |
| | ആകെ | 3630897/- | 3557368/- | 3437500/- | 183071/- |

| BASIC 2023-24 | | | | | |
|---|---|---|---|---|---|
| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് പേര് | **Expenditure-₹** | **ILGMS Payment₹** | **Bank Payment ₹** | **Not Paid In Bank₹** |
| 28 | മടത്തറ ബസ് സ്റ്റാന്റ് നവീകരണം | 1080000/- | 1001770/- | 1001770/- | 78230/- |
| 81 | വീട് വാസയോഗ്യമാക്കൽ (ജനറൽ) | 4326000/- | 4326000/- | 4326000/- | 0 |
| 165 | പഞ്ചായത്ത് ഓഫീസിലേക്ക് മൈക്ക് സെറ്റ് വാങ്ങൽ | 200000/- | 196000/- | 196000/- | 4000/- |
| 232 | കമ്മ്യൂണിറ്റി ഹാൾ വയറിംഗ് | 452102/- | 433412/- | 433412/- | 18690/- |
| 244 | കൊല്ലായിൽ സ്റ്റേഡിയം നവീകരണം | 360827/- | 348595/- | 348595/- | 12232/- |
| 250 | പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപണി | 614836/- | 580966/- | 580966/- | 33870/- |
| 255 | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 748013/- | 722655/- | 722655/- | 25358/- |
| 256 | മടത്തറ ജംഗ്ഷൻ തട്ടുപാലം റോഡ് കോൺക്രീറ്റിംഗ് | 99592/- | 96216/- | 96216/- | 3376/- |
| 311 | തുമ്പമൺതൊടി കാരറ റോഡ് മെയിന്റനൻസ് | 188000/- | | | 188000/- (ടി തുക തനത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്) |
| 312 | തെരുവുവിളക്ക് വാങ്ങൽ 5, 6, 7, 9 വാർഡുകൾ | 200000/- | 200000/- | 200000/- | 0 |
| 315 | തെരുവുവിളക്ക് വാങ്ങൽ 4, 8, 3, 13 വാർഡുകൾ | 200000/- | 200000/- | 200000/- | 0 |
| 318 | തെരുവുവിളക്ക് വാങ്ങൽ 10, 11, 12 വാർഡുകൾ | 200000/- | 200000/- | 200000/- | 0 |
| 319 | തെരുവുവിളക്ക് വാങ്ങൽ 14, 15, 2, 1 വാർഡുകൾ | 200000/- | 200000/- | 200000/- | 0 |
| 323 | തെരുവുവിളക്ക് വാങ്ങൽ 17, 18, 19, 21 വാർഡുകൾ | 124054/- | 124054/- | 124054/- | 0 |

| | | | | | |
|---|---|---|---|---|---|
| | നികുതികൾ കുറവു ചെയ്തത് | | 46576/- | | |
| | | 8993424/- | 8676244/- | 8629668/- | 363756/- |

| | ബേസിക് ചെലവ്-₹ | സൈഡ് ചെലവ് -₹ | ആകെ-₹ |
|---|---|---|---|
| സുലേഖ ചെലവ് പത്രിക പ്രകാരം | 8993424/- | 3630897/- | 12624321/- |
| ILGMS ചെലവ് | 8676244/- | 3557368/- | 12233612/- |
| ബാങ്ക് ചെലവ് | 8629668/- | 3437500/- | 12067168/- |

** ധനകാര്യ കമ്മീഷൻ പ്രോജക്ടുകളിൽ നിന്നും SGST, CGST, IT, KCWWF എന്നീ ഇനങ്ങളിൽ കുറവു ചെയ്യുന്ന തുക ACR, സുലേഖ ചെലവ് പത്രിക, ILGMS Gross Payable Amount എന്നിവയിൽ ഉൾപ്പെടുന്നെങ്കിലും ഇ-ഗ്രാം സോഫ്റ്റ്‌വെയർ, ഇ-ഗ്രാം ബാങ്ക് അക്കൗണ്ട് എന്നിവയിൽ നിന്നും കൃത്യമായി പേയ്മെന്റ് നൽകുന്നില്ല. ഇപ്രകാരം പേയ്മെന്റ് ആകാത്ത ഡിഡക്ഷനുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ മേൽ പ്രതിപാദിച്ച വ്യത്യാസങ്ങളുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല.

## 1-1-8 ILGMS ബാങ്ക് ബുക്ക് റിക്കൺസിലിയേഷൻ ചെയ്തതിൽ അപാകത

31.03.2024 ൽ ILGMS ബാങ്ക് ബുക്കും, ബാങ്ക് പാസ് ബുക്കും തമ്മിൽ തെറ്റായ വിവരം ഉൾപ്പെടുത്തി റിക്കൺസിലിയേഷൻ ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നം. 7188882033 ൽ 35,000/-രൂപ Directly Credited By Bank എന്ന് രേഖപ്പെടുത്തിയാണ് റിക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത്. പ്രോജക്ട് നം. 294/24 ന്റെ ഭാഗമായി വൗച്ചർ നം. 22301476 തീയതി 31.03.2024 പ്രകാരം ILGMS-ൽ പേയ്മെന്റ് ബുക്ക് ചെയ്ത 69,000/-രൂപയിൽ, 34000/-രൂപ മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്യപ്പെട്ടത്. ILGMS ബാങ്ക് ബുക്കിൽ ചെലവായി രേഖപ്പെടുത്തിയതും എന്നാൽ ബാങ്കിൽ നിന്ന് പിൻവലിക്കപ്പെടാത്തതുമായ 35000/-രൂപയാണ് വ്യത്യാസം വന്ന Directly Credited By Bank എന്ന് രേഖപ്പെടുത്തി റിക്കൺസിലിയേഷൻ നടത്തിയിട്ടുള്ളത്.

2. SBI അക്കൗണ്ട് നം. 37190836292 ൽ ILGMS ബാങ്ക് ബുക്കും, ബാങ്ക് പാസ് ബുക്കും തമ്മിൽ വ്യത്യാസമുള്ള 1,16,419/-രൂപ Cheque Deposited But Not Cleared എന്ന് കാണിച്ചാണ് റിക്കൺസിലിയേഷൻ നടത്തിയിരിക്കുന്നത്. നീക്കിയിരിപ്പിൽ കുറവുള്ള തുകയ്ക്ക് തുല്യമായ വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല.

## 1-1-9 ജേണൽ വൗച്ചർ അനുബന്ധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല

| ശീർഷകം | ജേണൽ നം | ഡെബിറ്റ് തുക | ക്രെഡിറ്റ് തുക | അപാകത |
|---|---|---|---|---|
| 350400501 - Refunds Payable - Grants And Funds & 19100101 Prior Period Income Property Tax | 42301835/ 31-03-2024 | - | 18,55,676/- രൂപ | ജേണൽ വൗച്ചർ വിശദാംശം ലഭ്യമല്ല |

## 1-1-10 വരവ് രജിസ്റ്ററുകളിൽ ഡി.സിബി അബ്സ്ട്രാക്ട് തയ്യാറാക്കുന്നില്ല

എ) റെന്റ് രജിസ്റ്റർ

ബി) തൊഴിൽ നികുതി രജിസ്റ്റർ

സി) ലൈസൻസ് രജിസ്റ്റർ

ഡി) ലേല രജിസ്റ്റർ

## 1-1-11 വസ്തു നികുതി-സഞ്ചയ-വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി -സഞ്ചയ -വാർഷിക കണക്ക് പൊരുത്തപ്പെടുന്നില്ല

| ഇനം | **31/03/2024** വാർഷിക കണക്കിന് എടുത്ത് സഞ്ചയ ഡാറ്റ പ്രകാരം | വാർഷിക കണക്ക് പ്രകാരം | | വ്യത്യാസം (രൂപ) |
|---|---|---|---|---|
| | | ഷെഡ്യൂൾ | | |
| വസ്തു നികുതി-റസിഡെൻഷ്യൽ –കറണ്ട് കളക്ഷൻ 431100101 | 2354495/- | RP-45 | 2412014/- | 57519/- |
| വസ്തു നികുതി- നോൺ റസിഡെൻഷ്യൽ –കറണ്ട് കളക്ഷൻ 431100101 | 2443526/- | RP-45 | 2382678/- | 60848/- |
| വസ്തു നികുതി-റസിഡെൻഷ്യൽ അരിയർ ഡിമാന്റ് 431100101+431100102 | 1411348/- | 2022-23 B-15 | 756879+ 724396(-) (L.C) 70191 1411084/- | 264/- |
| വസ്തു നികുതി- നോൺ റസിഡെൻഷ്യൽ അരിയർ ഡിമാന്റ് 431100103+431100104 | 745386/- | 2022-23 B-15 | 409157+ 359475(-) (L.C) 37102 731530/- | 13856/- |

## 1-1-12 Receivables Of Redumption - 1,86,547/-രൂപയുടെ കുറവ്

2023-24 LGTSB അക്കൗണ്ട് നം. 799013000000663 ൽ നിന്നും കുറവു ചെയ്ത തുക = 3,32,10,843/- രൂപ.

2023-24 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15 Receivables Of Redumption നീക്കിയിരിപ്പ് = 3,33,97,390/-രൂപ.

വ്യത്യാസം = 1,86,547/-രൂപ.

## 1-2 ബജറ്റ്

13/02/2023 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 05/02/2024 തീയതിയിലെ 3(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) .

| | |
|---|---|
| മുന്നിരിപ്പ് | 4,71,63,211/- രൂപ |
| വരവ് | 11,84,52,465/രൂപ |
| ആകെ | 16,56,15,676/രൂപ |
| ചെലവ് | 11,13,48,137/രൂപ |
| നീക്കിയിരിപ്പ് | 5,42,67,539/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 3,02,900/- രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/നിരാകരിച്ച തുക | 1,49,640/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 37,75,122/- രൂപ |

** വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പടെ | 0 | 4,13,09,000/- | 4,13,09,000/- | 3,66,98,830/- | 46,10,170/- |
| വികസന ഫണ്ട്-എസ്.സി.പി സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പടെ | 0 | 1,76,71,000/- | 1,76,71,000/- | 1,40,88,962/- | 35,82,038/- |
| വികസന ഫണ്ട്-ടി.എസ്.പി സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പടെ | 0 | 11,94,000/- | 11,94,000/- | 1110943/- | 83057/- |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 76,35,400/- | 76,35,400/- | 6725788/- | 909612/- |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 23786000/- | 23786000/- | 11384638/- | 12401362/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied | 7970241 (-)923798(adj) 7046443/- | 5130000/-/- | 12176443/- | 3557368/- | 8619075/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 7300750 (+)59813 7360563/- | 6840000 (+)381535 7221535/- | 14582098/- | 8676244/- | 5905854/- |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 384573/- | 1307000<br>24346<br>1331346/- | 1715919/- | 1104101/- | 611818/- |
| ഹെൽത്ത് ഗ്രാന്റ്-ബിൽഡിംഗ് | 0 | 2775000<br>42059<br>2817059/- | 2817059/- | 0 | 2817059/- |
| ഹെൽത്ത് ഗ്രാന്റ്-വെൽനെസ് | 88176/- | 523000<br>8490<br>531490/- | 619666/- | 262243/- | 357423/- |
| ICDS(adj) | 3072610<br>418100<br>3490710/- | 3083727/- | 6574437/- | 1248669/- | 5325768/- |
| TSC | 846140/- | 0 | 846140/- | 0 | 846140/- |
| ആയുഷ് | 0 | 500000/- | 500000/- | 0 | 500000/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ലൈഫ് സ്റ്റേറ്റ് ഷെയർ അക്കൗണ്ട് ശീർഷകം 320300199 പ്രകാരം | 56248<br>(Adj)<br>(-)260000<br>203752/- | 15700000/- | 15496248/- | 11000000/- | 4496248/- |
| ശുചിത്വ മിഷൻ | 0 | 0 | 0 | 1673148/- | (-)1673148/- |
| ബയോഡൈവേഴ്സിറ്റി (320100152) | 400000/- | 11392/-<br>(പലിശ) | 411392/- | 400000/- | 11392/- |
| സാക്ഷരത | 5695/- | 0 | 5695/- | 0 | 5695/- |
| എസ്.റ്റി കോർപ്പസ് ഫണ്ട് | 1388052/- | 0 | 1388052/- | 591336+<br>692500(Refund)<br>1283836 | 104216/- |
| കുടുംബശ്രീ | 156600/- | 0 | 156600/- | 0 | 156600/- |
| പ്ലാൻ അക്കൗണ്ട് ശീർഷകം 320200307പ്രകാരം | 10643/- | 214/-(പലിശ) | 10857/- | 0 | 10857/- |
| ജനകീയ പാർപ്പിട പദ്ധതി അക്കൗണ്ട് ശീർഷകം 320200307പ്രകാരം | 272341/- | 5474/-<br>(പലിശ) | 277815/- | 0 | 277815/- |
| പെൻഷൻ അക്കൗണ്ട് ശീർഷകം 320200307പ്രകാരം | 20198/- | 406/-(പലിശ) | 20604/- | 0 | 20604/- |
| യൂറോ കമ്മീഷൻ അക്കൗണ്ട് ശീർഷകം 320200307പ്രകാരം | 14016/- | 282/-(പലിശ) | 14298/- | 0 | 14298/- |
| റ്റി.സി അക്കൗണ്ട് അക്കൗണ്ട് ശീർഷകം | 223955/- | 2470/-<br>(പലിശ) | 226425/- | 0 | 226425/- |

| | | | | | |
|---|---|---|---|---|---|
| 320200307പ്രകാരം | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ ₹ | നടപ്പിലാക്കിയത് | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|
| 292 | 40,21,56,561/- | 150 | 12,84,43,702/- | 45 | 97 | 51% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് MNREGS അക്കൗണ്ട് | 11,36,364/- | 17,91,043/- | 29,27,407/- | 29,23,595/- | 3,812/- |
| തൊഴിലാളികളുടെ കൂലി | 0 | 10,36,44,954/- | 10,36,44,954/- | 10,36,44,954/- | 0 |
| സ്കിൽഡ് / സെമിസ്കിൽഡ് | 0 | 2,31,460/- | 2,31,460/- | 2,31,460/- | 0 |
| മെറ്റീരിയൽ | 0 | 43,26,000/- | 43,26,000/- | 43,26,000/- | 0 |
| ആകെ | 11,36,364/- | 10,99,93,457/- | 11,11,29,821/- | 11,11,26,009/- | 3812/- |

## 1-7 ക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 38,18,000/- |
| വാർദ്ധക്യകാലപെൻഷൻ | 5,52,42,700/- |
| ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് പെൻഷൻ | 89,51,600/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ളപെൻഷൻ | 3,98,600/- |
| വിധവാപെൻഷൻ | 3,24,95,500/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2,70,000/- |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-11-2024 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50017/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

. ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ് മുഖേന വരവുകൾ സ്വീകരിച്ചുവരുന്നു.

. 22.03.2023-ലെ സ.ഉ.(കൈ)നം.77/2023/തസ്വഭവ ഉത്തരവ് പ്രകാരമുള്ള ഫീൽഡ് പരിശോധന അടിയന്തിരമായി പൂർത്തീകരിച്ച് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി

പൂർത്തീകരിക്കേണ്ടതാണ്.

. തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും, പിഴപ്പലിശ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലേലം, വാടക ഇനങ്ങളിലെ കുടിശ്ശിക ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

. ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് നടത്തുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ അതാത് ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർ മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ മേഖലയിലെ അധിക ജീവനക്കാരുടെ ആവശ്യകത വകുപ്പ് അനുമതിയോടെ നിശ്ചയിച്ച് നിയമിക്കേണ്ടതാണ്.

. മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകളുടെ രൂപീകരണത്തിലും, നിർവ്വഹണത്തിന്റെ മോണിട്ടറിംഗിനും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിലും രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

. സർക്കാർ അനുമതിയില്ലാതെ പഞ്ചായത്തിന്റെ ആസ്തികൾ കൈമാറാൻ പാടില്ല.

. ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതും, മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്.

. അരിപ്പയിലെ തദ്ദേശിയ സസ്യങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിലൂടെയുള്ള ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

. അംഗൻ വാടികൾ, വിട്ടു കിട്ടിയ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വെള്ളക്കരം യഥാസമയം ഒടുക്കുവരുത്താത്തതിനാൽ പിഴപ്പലിശ ഒടുക്കേണ്ട സാഹചര്യമുണ്ടാകുന്നു. ഈ രീതി ഒഴിവാക്കേണ്ടതും നിശ്ചിത സമയത്ത് തന്നെ വെള്ളക്കരം ഒടുക്കേണ്ടതുമാണ്.

. ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപനത്തിൽ നിലനിൽക്കുന്നതായി വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
| --- | --- | --- |
| പെർഫോമൻസ്ഓഡിറ്റ് | 21.10.2022 | 09/2022 മുതൽ 11/2022 വരെ |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2019 | 2013-14 മുതൽ 2017-2018 വരെ |

**1-11 തുക ബാങ്ക് അക്കൗണ്ടിൽ വരവു വന്നിട്ടില്ല.**

31.03.2024 ലെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം Cheque Deposited But Not Cleared ഇനത്തിൽ 5675/-രൂപ ഉൾപ്പെട്ടിട്ടുണ്ട്. വാർഡ് നം.7/800B നം.മൊബൈൽ ടവറിന്റെ കെട്ടിടനികുതിയിനത്തിൽ രസീത് നം. 1230102194/05.10.23 പ്രകാരം ലഭിച്ച ചെക്ക് തുക നാളിതുവരെ അക്കൗണ്ടിൽ വരവു വന്നിട്ടില്ല.

കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 23 പ്രകാരം വരവുവരുന്ന തുകകൾ തൊട്ടടുത്ത ദിവസം തന്നെ ബാങ്ക് അക്കൗണ്ടിലോ ട്രഷറി സേവിങ്സ് അക്കൗണ്ടിലോ ഒടുക്കുവരുത്തേണ്ടതും, ചട്ടം 26 പ്രകാരം എല്ലാ തുകകളും ബാങ്ക് അക്കൗണ്ടിൽ വരവുവന്നിട്ടുണ്ടോ എന്ന് അക്കൗണ്ടന്റ് പരിശോധിച്ച്, ആയതിൽ പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ വിവരം സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക ബാങ്ക് അക്കൗണ്ടിൽ വരവുവന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുക തനത് ഫണ്ടിലേക്ക് ക്രെഡിറ്റായതിന്റെ കൃത്യത രേഖാമൂലം ബോധ്യപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. **31/21.11.2024**

**1-12 വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചില്ല**

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ) നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഗ്രാമപഞ്ചായത്തുകൾ ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവ കണ്ടെത്തേണ്ടതും, അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്. എന്നാൽ കെട്ടിട സർവ്വെ നടത്തുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. 23 വാർഡുകളുള്ള പഞ്ചായത്തിൽ ആകെ 23186 കെട്ടിടങ്ങളുണ്ട്. ഇതിൽ 7753 കെട്ടിടങ്ങളുടെ സർവ്വെയാണ് പൂർത്തിയായിട്ടുള്ളത്. ബാക്കി 15433 കെട്ടിടങ്ങളുടെ സർവ്വെ പൂർത്തിയാക്കാനുണ്ട്.

22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരമുള്ള ഫീൽഡ് പരിശോധന അടിയന്തിരമായി പൂർത്തീകരിച്ച് അനധികൃത നിർമ്മാണങ്ങൾ, അസസ്മെന്റ് രജിസ്റ്ററിലുള്ളതിനേക്കാൾ വിസ്തീർണത്തിൽ വ്യത്യാസമുള്ള കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവ കണ്ടെത്തേണ്ടതും അത്തരം മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്ഥിരംസമിതിയുടെയും, പഞ്ചായത്ത് ഭരണ സമിതിയുടെയും സത്വര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

**1-13 01-04-2023 മുതൽ പ്രബല്യത്തിൽ വസ്തുനികുതി പരിഷ്കരിച്ചില്ല**

തദ്ദേശസ്വയംഭരണ(ആർസി)വകുപ്പ് പുറപ്പെടുവിച്ച സ.ഉ.(അച്ചടി) നം25/2023/തസ്വഭവ

തീയതി 05/04/2023 നമ്പർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ചിതറ ഗ്രാമപഞ്ചായത്തിന്റെ 10-07-2023 ലെ 6(1) നമ്പർ തീരുമാനപ്രകാരം ചിതറ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങളുടെ വസ്തുനികുതി ഉപയോഗക്രമം അനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ ഇവ നിശ്ചയിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. 01-04-2023 മുതൽ പ്രബല്യത്തിലാണ് വസ്തുനികുതി പരിഷ്കരിക്കേണ്ടിയിരുന്നത്. എന്നാൽ ചിതറ ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം പുതുക്കിയ വസ്തു നികുതി അന്തിമ വിജ്ഞാപനം നടത്തുന്നതിന് മുമ്പ് വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക്, വസ്തുനികുതി പഴയ നിരക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. അപ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-14 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എസ്സ്.എസ്സ്.ഫ്യുവൽസ്, ചിതറ | I & II |
| 2 | ബി.എസ്.എൻ.എൽ, ചിതറ | I & II |
| 3 | എൻ എൻ ഹോസ്പിറ്റൽ, ചിതറ | I & II |
| 4 | പോബ്ബ് എന്റർപ്രൈസസ്സ് | I & II |
| 5 | മാവേലി സ്റ്റോർ മടത്തറ | I |
| 6 | ശ്രീകൃഷ്ണ ഡെന്റൽ ക്ലിനിക് | I & II |
| 7 | ഐറിസ് ഓഡിറ്റോറിയം, ചിതറ | I & II |
| 8 | ഷാബാസ് ഓഡിറ്റോറിയം, ചിതറ | I & II |
| 9 | അജിത്ത് ഹോമിയോ ക്ലിനിക് | I & II |
| 10 | മുത്തൂറ്റ് ഫിൻകോർപ്പ്, മടത്തറ | I & II |
| 11 | മുത്തൂറ്റ് ഫിനാൻസ്, ചിതറ | II |
| 12 | DDRC-SRL, ചിതറ | I & II |
| 13 | ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, ചിതറ | I & II |
| 14 | ഇൻസ്റ്റാ കാർട്ട് സർവീസ് പ്രൈവറ്റ് ലിമിറ്റഡ് | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു

സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം **. 17/19.11.2024**

## 1-15 തൊഴിൽ നികുതി-പിഴപ്പലിശ ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ. പത്രിക എന്നിവ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി നിശ്ചിത തീയതിയ്ക്കുള്ളിൽ ഒടുക്കാത്തതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം | ഈടാക്കിയ തുക(രൂപ) | ഈടാക്കിയ തീയതി |
|---|---|---|---|
| ഗവ.യു.പി.എസ്. ളറ്റിക്കൽ | I | 1250/- | 09.10.23 |
| ഇൻസ്റ്റാ കാർട്ട പ്രൈവറ്റ് ലിമിറ്റഡ് | I | 4200/- | 10.10.23 |
| സബ് രജിസ്റ്റാർ ഓഫീസ് | I | 9500/- | 13.10.23 |
| കെ.എസ്.ഇബി, ചിതറ | I | 1250/- | 26.10.23 |
| എൻ.എൻ.ഹോസ്പിറ്റൽ | I | 6200/- | 23.02.24 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി നിശ്ചിത തീയതിയ്ക്കുള്ളിൽ ഒടുക്കാത്തതിന് പിഴപ്പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
എൻക്വയറി നം**.17/19.11.24**

## 1-16 ലേലത്തുക പൂർണ്ണമായും ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പൊതുമാർക്കറ്റുകളിലെ ഗേറ്റ് ഫീസ് പിരിവ്, ഇറച്ചി വ്യാപാരം എന്നിവ നടത്തുന്നതിനുള്ള അവകാശം വിവിധ വ്യക്തികൾക്ക് ലേലം ചെയ്തു നൽകിയതിൽ ലേലതുക പൂർണ്ണമായും ഒടുക്കുവരുത്തിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ലേലയിനം | ലേലക്കാരന്റെ പേര് | ലേല തീയതി | ലേലത്തുക(രൂപ) (ജി.എസ്.റ്റി ഉൾപ്പെടെ) | ഒടുക്കിയ തുക (രൂപ) | കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| ഐരക്കുഴി മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾകെട്ടി മാട്ടിറച്ചി വ്യാപാരം | ശ്രീ.നസീർ, കൊല്ലായിൽ | 06.03.23 | 2,18,300/- | 50,000/- | 1,68,300/- |
| കൊല്ലായിൽ മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം | ശ്രീ.അബ്ദുൾ മജീദ്, അനസ് മൻസിൽ | 06.03.23 | 1,44,550/- | 25,000/- | 1,19,550/- |

| | | | | | |
|---|---|---|---|---|---|
| മടത്തറ ബസ്സ് സ്റ്റാൻഡ് ഗേറ്റ് ഫീസ് പിരിവ് | ശ്രീ.റഹീം പാറത്തോട്ടിൽ വീട്, കൊല്ലായിൽ | 06.03.23 | 35,518/- | 20,468/- | 15,050/- |
| | | | | ആകെ | **3,02,900/-** |

ലേലം കൊണ്ട വ്യക്തികൾ ഗ്രാമപഞ്ചായത്തുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാലുടനെ ലേലത്തുക മുഴവൻ ഒന്നായി ഒടുക്കവരുത്തേണ്ടതാണെന്നും, (ലേലവ്യവസ്ഥകളിലെ ഖ.5 പ്രകാരം) തുടർന്ന് ലേലം സ്ഥിരപ്പെടുത്തി 7 ദിവസത്തിനകം 200/-രൂപയിൽ കുറയാത്ത സംഖ്യയുള്ള മുദ്രപ്പത്രത്തിൽ ലേലക്കാരൻ കരാർ വയ്ക്കേണ്ടതാണെന്നും, ലേലത്തുക ഒട്ടാകെ ഒടുക്ക് വരുത്തേണ്ടതാണെന്നും (ലേലവ്യവസ്ഥകൾ ഖ.7 പ്രകാരം) വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലേല നിബന്ധനകൾ പാലിച്ച് കരാർ വയ്ക്കുകയും, ലേല കുടിശ്ശിക ഈടാക്കുകയും ചെയ്യാതെ ലേലം ഉറപ്പിച്ചു നൽകിയ സെക്രട്ടറിയിൽ നിന്നും ലേല ഇനത്തിലെ നഷ്ടതുക 302900/-രൂപ ഈടാക്കേണ്ടതാണ്.

എൻക്വയറിനം **.5/15.11.24**

നഷ്ടം – **302900/-**രൂപ

## <u>1-17 വാടക ഈടാക്കാൻ അവശേഷിക്കുന്നു.</u>

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചക്കമല ഷോപ്പിംഗ് കോംപ്ലക്സ് കടമുറിനം.5 വാടകയ്ക്ക് എടുത്തിട്ടുള്ള ശ്രീ.ബിജു, പത്മവിലാസം, പൂച്ചെടിക്കാല എന്നയാൾ വാടക പൂർണ്ണമായും ഒടുക്കിയിട്ടില്ല. 2023-24 ൽ ലഭിക്കാനുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസവാടക | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|
| 585/- | 5/23-3/24 | 6435+ജി.എസ്.ടി |

മേൽ വിഷയം സംബന്ധിച്ച് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് കുടിശ്ശിക ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. വാടക കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം**. 6/15.11.24**

## <u>1-18 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.</u>

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എ.പി.ആർ.എം സ്കൂൾ, ചിതറ | I & II |

| | | |
|---|---|---|
| 2 | വില്ലേജ് ഓഫീസ്, ചിതറ | I & II |
| 3 | എസ്സ്.എസ്സ്.ഫ്യുവൽസ്, ചിതറ | I & II |
| 4 | അക്ഷയ ക്വാറി, ചിതറ | I & II |
| 5 | കെ.പി.ക്രഷർ& ക്വാറി, ചിതറ | I & II |
| 6 | അക്ഷയ്.എം.സാന്റ്, ചിതറ | I & II |
| 7 | അൽ-ഫാത്തിമ ക്രഷർ | I & II |
| 8 | അനന്തപുരി ബ്ലൂ മെറ്റൽസ് | I & II |
| 9 | കെ.പി.ക്രഷർ | I & II |
| 10 | കെ.പി.ഗ്രാനൈറ്റ്സ് | I & II |
| 11 | അനന്തപുരി ക്രഷർ | I & II |
| 12 | അനന്തപുരി എം.സാന്റ് യൂണിറ്റ് | I & II |
| 13 | എ.പി.ആർ.എം റ്റി.റ്റി.സി, ചിതറ | I & II |
| 14 | എ.കെ.എം പബ്ലിക് സ്കൂൾ, വളവുപച്ച | I & II |
| 15 | മാവേലി സ്റ്റോർ, മടത്തറ | I |
| 16 | പോസ്റ്റ് ഓഫീസ്, കൊല്ലായിൽ | I & II |
| 17 | കെ.എസ്.എഫ്.ഇ, ചിതറ | I & II |
| 18 | അൽ-സഫാ ഡെന്റൽ ക്ലിനിക്ക്, കിഴക്കുംഭാഗം | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും റേഷൻ കട ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം**. 17/19.11.24**

**1-19 തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി വാഹനവാടക അനുവദിച്ചു :**

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം മെയിന്റനൻസ് നടത്തുന്നതിന് നൽകിയതിനാൽ ഔദ്യോഗിക ആവശ്യത്തിന് മറ്റൊരു വാഹനം ഉപയോഗിച്ചതായി വൗച്ചറിൽ രേഖപ്പെടുത്തി വാഹനവാടക അനുവദിച്ചു.

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം (KL24S 7301) മെയിന്റനൻസ് നടത്തുന്നതിന് 08.09.23 മുതൽ 10.09.23 വരെ തീയതികളിൽ വർക്ക്ഷോപ്പിലായതിനാൽ ഔദ്യോഗിക ആവശ്യത്തിന്

മറ്റൊരു വാഹനം ഉപയോഗിച്ചതിന്റെ വാഹനവാടക 5720/-രൂപ ചെക്ക് നം.049084/12.10.23 പ്രകാരം ശ്രീ.സജേഷ് എസ്, എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഔദ്യോഗിക വാഹനം 08.09.23 & 09.10.23 തീയതികളിൽ ഓടിയിട്ടുണ്ട്. എന്നാൽ വാടകയ്ക്കെടുത്ത KL 24 R 7899 നം വാഹനം 08.09.23 തീയതിയിൽ 150 കി.മീ ഓടിയതിന് 3000/-രൂപയും 09.10.23 തീയതിയിൽ 82 കി.മീ ഓടിയതിന് 1640/-രൂപയും അനുവദിച്ചു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി വാഹനവാടക അനുവദിച്ചത് അംഗീകരിക്കുന്നില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 4640/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

എൻക്വയറി നം.**26/20.11.24**

നിരാകരിച്ച തുക-**4640/-**രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-സെക്രട്ടറി

**1-20 ആർദ്രം പദ്ധതി – ആരോഗ്യ പ്രവർത്തകരെ മാർഗ്ഗരേഖയിൽ വിവക്ഷിക്കുന്നതിലും അധികമായി നിയമിച്ചിരിക്കുന്നു.**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ്.0014/2024 | |
| പ്രോജക്ടിന്റെ പേര് | ആർദ്രം അധിക ജീവനക്കാരുടെ ഹോണറേറിയം | |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി (മാങ്കോട്) | |
| ഫണ്ട് | വകയിരുത്തിയത്(രൂപ) | ചെലവഴിച്ച തുക(രൂപ) |
| വികസന ഫണ്ട് | 31,00,000/- | 10,00,000/- |
| തനത് ഫണ്ട് | 26,89,227/- | 9,94,845/- |

തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ഡോക്ടറേയും, പാരാമെഡിക്കൽ സ്റ്റാഫിനേയും, നിയമിക്കുന്നതിനുള്ള ആർദ്രം പദ്ധതി പ്രകാരം ചിതറ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മാങ്കോട്, മടത്തറ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ചുവടെ ചേർക്കും പ്രകാരം ആരോഗ്യ പ്രവർത്തകരെ നിയമിച്ചിരിക്കുന്നു.

| | |
|---|---|
| കുടുംബാരോഗ്യ കേന്ദ്രം, മാങ്കോട് | |
| മെഡിക്കൽ ഓഫീസർ | 1 |
| സ്റ്റാഫ് നഴ്സ് | 2 |
| ഫാർമസിസ്റ്റ് | 1 |
| ലാബ് ടെക്നീഷ്യൻ | 1 |
| കുടുംബാരോഗ്യ കേന്ദ്രം, മടത്തറ | |
| മെഡിക്കൽ ഓഫീസർ | 1 |
| സ്റ്റാഫ് നഴ്സ് | 2 |

| | |
|---|---|
| ഫാർമസിസ്റ്റ് | 1 |
| ലാബ് ടെക്നീഷ്യൻ | 1 |

പതിനാലാം പഞ്ചവത്സര പദ്ധതി സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയതി 28.05.2022 (3) മാർഗ്ഗരേഖ ഖണ്ഡിക 7.6.2 ൽ വ്യക്തത വരുത്തിക്കൊണ്ട് വികേന്ദ്രീകാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ലെ യോഗ തീരുമാനം നമ്പർ 3 ന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് 25.10.2023 ൽ പുറപ്പെടുവിച്ച സർക്കുലറിൽ ഒരു ഡോക്ടറേയും, ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയുമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമിക്കാവുന്നത്. അധികമായി ജീവനക്കാരെ ആവശ്യമാണെങ്കിൽ നൽകേണ്ട ചുമതല ആരോഗ്യ വകുപ്പിനാണ്. പ്രത്യേക പരിഗണന നൽകേണ്ട പ്രദേശമാണെങ്കിൽ ജനസംഖ്യ, OP/IP രോഗികളുടെ എണ്ണം, പ്രദേശത്തിന്റെ പ്രത്യേകത എന്നിവയുടെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്യുകയാണെങ്കിൽ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോടെ മാത്രമേ അധിക ജീവനക്കാരെ നിയമിക്കാൻ കഴിയുകയുള്ളൂ.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മടത്തറ, മാങ്കോട് എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾ വനവാസികളായ പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന സ്ഥാപനങ്ങളാണെന്നും, മലയോര ഗ്രാമമായതിനാൽ വനമേഖല ഉൾപ്പെടുന്ന ഗ്രാമ പ്രദേശങ്ങളിലെ തോട്ടം തൊഴിലാളികളും, ഗ്രാമവാസികളും, മലയോര പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഗ്രാമവാസികളും ആശ്രയിക്കുന്നത് ഈ ആശുപത്രിയിയെ ആണെന്നും 6 മണിവരെ ഒ.പി പ്രവർത്തിപ്പിക്കുന്നതിന് ഇപ്രകാരം ജീവനക്കാരെ ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് ലഭിച്ച സ്ഥാപനങ്ങളാണ്. ആദ്യ സർക്കാർ ഉത്തരവിൽ വ്യക്തതവരുത്തി എത്ര ജീവനക്കാരെ നിയമിക്കാമെന്ന പുതിയ ഉത്തരവിറങ്ങിയത് സാമ്പത്തിക വർഷത്തിന്റെ പകുതിക്ക് ശേഷമുള്ള 25.10.2023 ൽ ആയതിനാൽ 2019 ൽ ആർദ്രം പദ്ധതി തുടങ്ങിയ നാൾ മുതൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ പിരിച്ചുവിടുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനത്തിന്റെ സാരമായി ബാധിക്കുമെന്നതിനാൽ 2023-24 വർഷാവസാനം വരെ ജീവനക്കാരെ നിലനിർത്തിയത് എന്നും അറിയിച്ചു. കൂടാതെ 2024-25 സാമ്പത്തിക വർഷം മുതൽ 4 ജീവനക്കാർ മാത്രമാണ് നിലവിലുള്ളതെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ അധിക ജീവനക്കാരെ നിയമിക്കുന്നതിലേക്ക് സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിക്ക് 297/2024 ആയി കത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതി മാർഗ്ഗരേഖയിൽ വിവരിക്കുന്നതിലും അധികം ജീവനക്കാരെ നിയമിച്ചത് ആവർത്തിക്കാതിരിക്കേണ്ടതും മറുപടിയിൽ വിവരിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്നതിലേക്ക് ആരോഗ്യ വകുപ്പിന്റെ അനുമതിക്കായി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് അപേക്ഷിച്ചതിനാൽ സമിതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

**1-21 വാഹനവാടക - പ്രതിരോധ കുത്തിവയ്പ്/ആരോഗ്യ പ്രവർത്തനങ്ങൾ വാഹന**

## ഉപയോഗം അപാകതകൾ സംബന്ധിച്ച്

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.0020/2024 | |
| പ്രോജക്ടിന്റെ പേര് | വാഹനം വാടകയ്ക്ക് എടുക്കൽ | |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി (മാങ്കോട്) | |
| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 80,000/-രൂപ | 56,100/-രൂപ |

ചിതറ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മാങ്കോട്, മടത്തറ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ പ്രതിരോധ കുത്തിവയ്പ്/ആരോഗ്യ പ്രവർത്തനങ്ങൾക്കായി ഡ്രൈവറിനും മറ്റുചെലവുകൾക്കും ഉൾപ്പെടെ കരാറടിസ്ഥാനത്തിൽ മഹീന്ദ്രാ ജീപ്പ്/ടാറ്റാസുമോ ലഭ്യമാക്കുന്നതിലേക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും, ശ്രീ കബീറിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.24.എ.9618 എന്ന വാഹനത്തിനായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതേ വാഹനം തന്നെ ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പ്രോജക്ടിലേക്ക് ഉപയോഗിക്കുന്നതിനും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനവും വാക്സിനേഷൻ പ്രവർത്തനവും ഒരേ ദിവസം നടത്തിയിട്ടുള്ള ദിവസങ്ങളിൽ മറ്റൊരു വാഹനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ഓടിയ തീയതി | വാഹനത്തിന്റെ നമ്പർ | നൽകിയ തുക(രൂപ) |
|---|---|---|---|---|
| 1 | 18/2023-24 | 08.12.2023 | കെ.എൽ.24.ഡി0939 | 1100/- |
| 2 | 18/2023-24 | 15.12.2023 | | 1100/- |
| 3 | 18/2023-24 | 22.12.2023 | | 1100/- |
| 4 | 18/2023-24 | 12.01.2024 | | 1100/- |
| 5 | 18/2023-24 | 20.01.2024 | | 1100/- |
| 6 | 18/2023-24 | 09.02.2024 | | 1100/- |
| 7 | 18/2023-24 | 17.02.2024 | | 1100/- |
| 8 | 18/2023-24 | 24.02.2024 | | 1100/- |
| 9 | 18/2023-24 | 15.03.2024 | | 1100/- |
| 10 | 18/2023-24 | 16.03.2024 | | 1100/- |
| 11 | 18/2023-24 | 22.03.2024 | | 1100/- |
| 12 | 18/2023-24 | 23.03.2024 | | 1100/- |
| ആകെ | | | | 13200/- |

ഈ രണ്ട് പ്രോജക്ടുകളിലും ക്വട്ടേഷൻ എടുത്തിരിക്കുന്ന ശ്രീ കബീർ എന്ന വ്യക്തി പാലിയേറ്റീവ് പരിചരണത്തിനായി വാഹനം ഉപയോഗിക്കുന്ന ദിവസങ്ങളിലൊഴികെയുള്ള ദിവസങ്ങളിൽ കെ.എൽ.24.ഡി 0939 രജിസ്ട്രേഷൻ ഉള്ള വാഹനം ഉപയോഗിച്ച് ശ്രീ നസീർ എന്ന വ്യക്തി വാഹനം ഓടിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വാഹന വിവരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന പോർട്ടലായ Mparivahan പരിശോധിച്ചപ്പോൾ ഈ വാഹനം രജിസ്റ്റർ ചെയ്തിരിക്കുന്നത് ഹീറോ ഹോണ്ട പാഷൻ പ്രോ മോട്ടോർസൈക്കിൾ എന്നാണ്.

മേൽ അപാകതയ്ക്ക് വിശദീകരണവും ഈ വാഹന ഉടമ കരാർ ചമച്ചിട്ടുണ്ടെങ്കിൽ അതിന്റെ

രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/18.11.2024 ന് പാലിയേറ്റീവ് പരിചരണ ദിനങ്ങൾ 16 ദിവസത്തിൽ നിന്നും 20 ദിവസത്തിലേക്കായി നിശ്ചയിച്ചപ്പോൾ വാക്സിനേഷനായി പോകാൻ കഴിയാത്ത ദിനങ്ങളിൽ കെ.എൽ.24. ഇ 0989 എന്ന വാഹനമാണ് ഉപയോഗിച്ചത് എന്ന് മറുപടി നൽകി. വാക്സിനേഷനായി ഓടിയ വാഹനത്തിന്റെ വിശദാംശങ്ങൾ ടിപ്പ് ഷീറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവായ തുക 13,200/-രൂപ തടസ്സപ്പെടുത്തുന്നു. ഉപയോഗിച്ച വാഹനത്തിന്റെ വിശദാംശങ്ങൾ, ടിപ്പ് ഷീറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം-**11/18.11.2024**

തടസ്സപ്പെടുത്തിയ തുക-**13200/-**രൂപ

**1-22 സംയുക്ത പരിശോധനയില്ല-വെള്ളക്കരമിനത്തിൽ 15609390/- രൂപ കുടിശ്ശിക.**

2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിരിക്കുന്ന 230 പൊതു വാട്ടർ ടാപ്പുകൾക്കായി പ്രതിമാസം 2,79,048/-രൂപ വീതം ആഗസ്റ്റ് 2023 വരെ തുക അടവാക്കിയിട്ടുണ്ട്. 05.10.2024 ലെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 31.10.2024 വരെ 1,56,09,390/-രൂപ വെള്ളക്കരമിനത്തിൽ കുടിശ്ശികയുണ്ട്. 230 എണ്ണം വാട്ടർ ടാപ്പുകളും പ്രവർത്തിക്കുന്നുണ്ടോയെന്ന് കേരള വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഉപയോഗശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോ എന്ന് അറിയുവാൻ കഴിയുന്നില്ല. ഇതു സംബന്ധിച്ചും, ജലജീവൻ മിഷൻ മുഖേന ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും കുടിവെള്ള വിതരണം ലഭ്യമാകുന്നുണ്ടോയെന്നതു സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരക്കുടിശ്ശിക അധികമായി വരുന്ന സാഹചര്യത്തിലും സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ജലത്തിനുമാത്രം തുക അടവാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല.

ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതികൾ മാത്രം ഏറ്റെടുക്കേണ്ടതും, സംയുക്ത പരിശോധന നടത്തി ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ്. കൂടാതെ വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറിനം **.25/20.11.24**

**1-23 കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ - റി-ഏജന്റ് കൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.259/2024 |
| പ്രോജക്ടിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി മാങ്കോട് |
| | |

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക |
|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 13,07,000 | 7,26,558 |

കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്ക് റി-ഏജന്റുകൾ ലഭ്യമാക്കുന്നതിനായി ഇൻഡ്രഗ് ഹൌസ്, തിരുവനന്തപുരത്തിന് 726558/-രൂപ നൽകിയതിൽ 1,66,320/-രൂപയുടെ റി-ഏജന്റുകൾ ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | ബിൽ നമ്പർ, പ്രഫോർമ ഇൻവോയ്സ് നമ്പർ | | തുക(രൂപ) | ലഭ്യമായ മരുന്നിന്റെ ഇൻവോയ്സ് നമ്പർ | തുക | ലഭ്യമാകാൻ ശേഷിക്കുന്ന റി-ഏജന്റിന്റെ തുക |
|---|---|---|---|---|---|---|
| 1 | 700/26.03.24 | 12965@N2024/N | 50,000.00/- | C.844/09.05.2024 | 40316.00/- | 9684.00/- |
| 2 | | 12964@N2024/N | 50,000.00/- | C.1556/30.05.2024 | 17793.00/- | 25562/- |
| | | | | C.3434/19.07.2024 | 5317.00/- | |
| | | | | C.5041/09.05.2024 | 1328.00/- | |
| 3 | 701/26.03.24/12926@N2024 | | 1,33,982.00/- | C.724/06.05.2024 | 47072.00/- | 37224.50/- |
| | | | | C.3899/30.07.2024 | 49685.50/- | |
| 4 | 702/26.03.24/26.03.3024 | | 1,36,197.00/- | C.1497/28.05.2024 | 18571.00/- | 61,227.00/- |
| | | | | C.2269/21.06.2024 | 22054.50/- | |
| | | | | C.2010/16.04.2024 | 9964.00/- | |
| | | | | C.3433/19.07.2024 | 4845.50/- | |
| | | | | C.3900/30.01.2024 | 3900.00/- | |
| | | | | C.5042/26.08.2024 | 15635.00/- | |
| 5 | 703/23.06.24/12928@N2024/N | | 25,000.00/- | C.6072/30.09.2024 | 20241.50/- | 4758.50/- |
| 6 | 705/23.06.24/13028@N2024/N | | 42,272.00/- | C.845/09.05.2024 | 974.00/- | 27863.50/- |
| | | | | C.916/11.05.2024 | 13434.50/- | |
| ലഭ്യമാകാൻ അവശേഷിക്കുന്ന റീ ഏജന്റുകൾക്കായി മുൻകൂറായി ഒടുക്കിയ തുക | | | | | | 166319.50/- |

മേൽ തുകയ്ക്കുള്ള റി-ഏജന്റുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ -10/17.11.2024 ന് റി-ഏജന്റുകളുടെ ഉപയോഗ കാലാവധി കുറവാണ് എന്നും ഡിമാന്റിനനുസരിച്ചാണ് വിതരണം ചെയ്യുന്നതെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ റി-ഏജന്റും ലഭ്യമായിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയായ 1,66,320.00/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം-**10/17.11.24**

തടസ്സപ്പെടുത്തിയ തുക-**166320/-**രൂപ

## 1-24 ക്ഷീര സമൃദ്ധി പശുവളർത്തൽ പദ്ധതി - നിർവ്വഹണരേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വെറ്റിനറി സർജൻ 2023-24 സാമ്പത്തിക വർഷം പശു വളർത്തലിലൂടെ പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേക്ക് 3 ക്ഷീര സമൃദ്ധി പശുവളർത്തൽ പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ നിർവ്വഹണ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദ

വിവരം ചുവടെ ചേർക്കുന്നു.

1. എസ്.101/2024

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ്.101/2024 | |
| പ്രോജക്ടിന്റെ പേര് | ക്ഷീര സമൃദ്ധി പശുവളർത്തൽ പദ്ധതി | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, ചിതറ ഗ്രാമ പഞ്ചായത്ത് | |
| ഫണ്ട് | വകയിരുത്തിയത്(രൂപ) | ചെലവഴിച്ച തുക(രൂപ ) |
| വികസന ഫണ്ട് | 24,00,000/- | 4,80,000/- (ACR ബിൽ നം.645/25.03.24) |
| ലോൺ/ഗുണഭോക്തൃ വിഹിതം | 36,00,000/- | 0 |
| ആകെ | **60,00,000/-** | **4,80,000/-** |

2. എസ്.0204/2024

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 0204/2024 | |
| പ്രോജക്ടിന്റെ പേര് | ക്ഷീര സമൃദ്ധി പശുവളർത്തൽ പദ്ധതി | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, ചിതറ ഗ്രാമ പഞ്ചായത്ത് | |
| ഫണ്ട് | വകയിരുത്തിയത്(രൂപ) | ചെലവഴിച്ച തുക(രൂപ ) |
| വികസന ഫണ്ട് | 18,97,500/- | 14,70,000/- (ACR ബിൽ നം.49/27.06.23) |
| തനത് ഫണ്ട് | 22,500/- | 0 |
| ലോൺ/ഗുണഭോക്തൃ വിഹിതം | 28,80,000/- | 0 |
| ആകെ | **48,00,000/-** | 14,70,000/- |

3. എസ്.0204/2024

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 0207/2024 | |
| പ്രോജക്ടിന്റെ പേര് | ക്ഷീര സമൃദ്ധി പശുവളർത്തൽ പദ്ധതി – പട്ടികജാതി വനിത | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, ചിതറ ഗ്രാമ പഞ്ചായത്ത് | |
| ഫണ്ട് | വകയിരുത്തിയത്(രൂപ) | ചെലവഴിച്ച തുക(രൂപ) |
| വികസന ഫണ്ട് (എസ്.സി.പി) | 17,40,000/- | 4,50,000/- (ACR ബിൽ നം.683/25.03.24) |
| തനത് ഫണ്ട് | 15,000/- | **0** |
| ലോൺ/ഗുണഭോക്തൃ വിഹിതം | 16,20,000/- | 0 |
| ആകെ | **33,75,000** | **4,50,000/-** |

മേൽ പ്രോജക്ടുകൾ ബാങ്ക് ലോൺ അധിഷ്ഠിത പ്രോജക്ടുകളാണ്. വികസന ഫണ്ടിൽ നിന്നും സബ്സിഡി തുക നൽകുകയും ഗുണഭോക്തൃ വിഹിതമായി ബാങ്ക് ലോണും ഉൾപ്പെടുത്തിയിരിക്കുന്നു. ഗുണഭോക്താക്കൾ പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്യുമ്പോൾ സബ്സിഡി തുകയായ 30000/-രൂപ ഗുണഭോക്താവിന്റെ ബാങ്ക് ലോൺ അക്കൌണ്ടിൽ ക്രഡിറ്റ്

ചെയ്യുന്ന രീതിയിലാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിൽ ക്രമ നമ്പർ 1 പ്രോജക്റ്റിൽ 16 പശുക്കളെയും ക്രമ നമ്പർ 2 ലെ പ്രോജക്റ്റിലേക്ക് 49 പശുക്കളേയും ക്രമ നമ്പർ 3 ലെ പ്രോജക്റ്റിൽ 10 പശുക്കളെയും ഉൾപ്പെടെ ആകെ 75 പശുക്കളെ വാങ്ങുന്നതിലേക്ക് ചെലവായ 24 ലക്ഷം രൂപ 30000/- രൂപ നിരക്കിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. (എസ്.സി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് 45,000 രൂപ നിരക്കിൽ) ബാങ്ക് ലോണിന് അപേക്ഷിച്ചതിൻ്റെ രേഖകൾ, ഗുണഭോക്താക്കളുടെ വിശാദാംശങ്ങൾ എന്നിവ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ലോൺ തുക ബാങ്കിൽ ക്രഡിറ്റ് ചെയ്തതല്ലാതെ പശുക്കളെ വാങ്ങിയതിൻ്റെ പർച്ചേസ് കമ്മിറ്റി റിപ്പോർട്ടുകൾ/വിശദാംശങ്ങൾ, ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിൻ്റെ വിശദാംശങ്ങളും പശുക്കളെ ഇൻഷ്വർ ചെയ്തതിൻ്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുന്നതിലേക്കും രേഖകൾ ഹാജരാക്കുന്നതിലേക്കും നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/21.11.2024 ന് പശു വിതരണം നടത്തിയതിൻ്റെ രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ 3 പ്രോജക്ടുകളിലുമായി ചെലവഴിച്ചിട്ടുള്ള 2400000/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക-**2400000/-**രൂപ

ഓഡിറ്റ് എൻക്വയറി-**28/21.11.24**

## 1-25 കോഴിവളർത്തൽ പ്രോജക്ടുകൾ - നിർവ്വഹണത്തിലെ അപാകതകൾ

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കോഴിവളർത്തലിനായുള്ള 2 പ്രോജക്ടുകൾ പ്രകാരം 1180 യൂണിറ്റുകളിലായി ആകെ 5900 കോഴികളെ വിവിധ നഴ്സറികളിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് 7,08,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. എസ്.ഒ. 0205/2024

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ. 0205/2024 | |
| പ്രോജക്റ്റിൻ്റെ പേര് | മുട്ടക്കോഴി വളർത്തൽ ജനറൽ വിഭാഗം | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, ചിതറ ഗ്രാമപഞ്ചായത്ത് | |
| ഫണ്ട് | വകയിരുത്തിയത്(രൂപ ) | ചെലവഴിച്ച തുക(രൂപ) |
| വികസന ഫണ്ട് (എസ്.സി.പി) | 5,88,000/- | 5,88,000/- |
| ആകെ | 5,88,000/- | 5,88,000/- |

2. എസ്.ഒ. 0206/2024

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ. 0205/2024 | |
| പ്രോജക്റ്റിൻ്റെ പേര് | മുട്ടക്കോഴി വളർത്തൽ പട്ടികജാതി വിഭാഗം -വനിത | |
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, ചിതറ ഗ്രാമ പഞ്ചായത്ത് | |
| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ച തുക |

| | | |
|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 2,16,000/- | 1,20,000/- |
| ആകെ | 2,16,000/- | 1,20,000/- |

ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കോഴികളെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷയിൽ ഉൾപ്പെടുത്തിയ "പ്രിന്റ് ചെയ്ത കൈപ്പറ്റ് രസീത്" ആണ് കൈപ്പറ്റ് രസീതായി സൂക്ഷിച്ചിട്ടുള്ളത് ഇതിൽ കോഴികളെ എന്നാണ് വിതരണം നടത്തിയത് എന്നതിന്റെ വിശദാംശങ്ങളില്ല, വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. വാങ്ങിയ എഗ്ഗർ നഴ്സറികളിൽ നിന്നും കോഴികളെ വാക്സിനേഷൻ നടത്തിയാണ് നൽകിയിട്ടുള്ളത് എന്നതിന്റ സർട്ടിഫിക്കറ്റ്, എഗ്ഗർ നഴ്സറികളുടെ രജിസ്ട്രേഷൻ മുതലായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

3. കോഴികളെ വാങ്ങുന്നത് സംബന്ധിച്ച പർച്ചേസ് കമ്മിറ്റി റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/21.11.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുട്ടക്കോഴി വാങ്ങി വിതരണം ചെയ്യുന്നതിൽ പരിപാലിക്കേണ്ട നടപടികൾ സംബന്ധിച്ച് 2022-23 സാമ്പത്തിക വർഷത്തെ കെ.എസ്.എ.കെ.എൽ.എം./ പി.3/2153/2023 തീയതി: 28/12/2023 നമ്പർ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-32 ആയി ഉൾപ്പെടുത്തിയിട്ടും നിലവിലും ആ അപാകതകൾ തുടരുന്നു. മോണിറ്ററിംഗ് സമിതി, ബന്ധപ്പെട്ട സ്ഥിരം സമിതി എന്നിവയുടെ ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതും, പദ്ധതി ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-26 മൃഗാശുപത്രിയുടെ ദൈനംദിന ചെലവ്. – ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല.

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 0121/2024 | | |
| പ്രോജക്ടിന്റെപേര് | മൃഗാശുപത്രിയുടെ ദൈനംദിന ചെലവ്. | | |
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ, ചിതറ ഗ്രാമ പഞ്ചായത്ത് | | |
| ഫണ്ട് | വകയിരുത്തിയത് | | ചെലവഴിച്ചതുക |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | | 50,000/- രൂപ | 50,000/-രൂപ |
| ആകെ | 50,000/-രൂപ | | 50,000/-രൂപ |

മൃഗാശുപത്രിയുടെ ദൈനം ദിന ചെലവിനായുള്ള ഈ പ്രോജക്ടിൽ ബിൽ നമ്പർ 2304065200960057802/18.12.2023 പ്രകാരമുള്ള 6300/-രൂപയുടെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/21.11.2024 ന് മറുപടി നൽകുകയോ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഈ ബിൽ പ്രകാരം ചെലവ് രേഖപ്പെടുത്തിയിരിക്കുന്ന 6300/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക-**6300/-**രൂപ
ഓഡിറ്റ് എൻക്വയറി നം-**28/21.11.24**

**1-27 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു -145000/- രൂപ നിരാകരിക്കുന്നു.**

പ്രോജക്ട് നം-167/24

അടങ്കൽ-250000/-രൂപ (വികസനഫണ്ട്-SCP)

ചെലവ്-250000/-രൂപ (ACR ബിൽ ന.294/23.12.23)

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ പ്രോജക്ട് പ്രകാരം മുൻവർഷം ആനുകൂല്യം ലഭിച്ചവർക്ക് തൻവർഷവും ആനുകൂല്യം നൽകി.

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 50 കുട്ടികൾക്ക് മേശയും കസേരയും ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | എണ്ണം | തുക(രൂപ) | ആകെ(ജി.എസ്.ടി ഉൾപ്പെടെ ) (രൂപ) |
|---|---|---|---|
| Steel Cushioned Chair | 50 | 963.29/- | 56834.12/- |
| Steel Table With One Drawer | 50 | 3274/- | 193166/- |
| ആകെ | | | 250000/- |

സ്റ്റോക്ക്, വിതരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മുൻവർഷം ആനുകൂല്യം ലഭിച്ച ചുവടെപ്പറയുന്ന 29 വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി 2023-24 സാമ്പത്തിക വർഷവും നൽകിയിട്ടുണ്ട്.

| ക്രമനം. | പേര് | സ്കൂളിന്റെ പേര് |
|---|---|---|
| 1 | ആരാധ്യ, തേക്കുവിളവീട് | ജി.എച്ച് എസ്സ്.എസ്സ്. കുമ്മിൾ |
| 2 | ഋതുനന്ദ, മേലേവിളവീട് | കെ.വി.യു.പി.എസ്സ്, പാങ്ങോട് |
| 3 | അഖിലേശ്വരി.എ.എസ്, ലക്ഷ്മം വീട് | ജി.എൽ.പി.എസ്, ചിതറ |
| 4 | വൈഷ്ണവ്.വി.എസ്, ചാവരുകാവിൽ വീട് | ജി.എൽ.പി.എസ്, ചിതറ |
| 5 | ശ്രീരുദ്ര.എസ്സ്.എസ്സ്, തടത്തരികത്ത് | ജി.എൽ.പി.എസ്, ചിതറ |
| 6 | രേണുബേബി, കിഴക്കുകര വീട് | ജി.യു.പി.എസ്, ഉറ്റിസ്കൂൽ |
| 7 | അനഘ അജിത്ത്, ചരുവിള പുത്തൻവീട് | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 8 | സഞ്ചയ് പ്രസാദ്, കുന്നുപുറത്ത് വീട് | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 9 | ശ്രീജിത്ത്.എസ്, സാബു വിലാസം | കെ.വി.എൽ.പി.എസ്, ചിതറ |
| 10 | അംജിത്ത് കൃഷ്ണ, ചരുവിള പുത്തൻവീട് | ജി.എൽ.പി.എസ്, ചിതറ |
| 11 | അശ്വതി.എൽ.എ, ബൗണ്ടറിൽ വീട് | ജി.എൽ.പി.എസ്, ചിതറ |

| | | |
|---|---|---|
| 12 | കൃഷ്ണപ്രിയ, കാർത്തിക | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 13 | ആവണി.എ, ആശാ ഭവൻ | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 14 | ഹൃദ്യ പ്രദീപ്, കിഴക്കുംകര | എസ്സ്.എൻ.യു.പി.എസ്സ്, കൊല്ലായിൽ |
| 15 | അജേഷ് കുമാർ.ബി, ചരുവിള പുത്തൻവീട് | എസ്സ്.എൻ.എച്ച്.എസ്സ്.എസ്സ്, ചിതറ |
| 16 | സ്നേഹ.എസ്സ്.രാജ്, കല ഭവൻ | ജി.യു.പി.എസ്, തുറ്റിയ്ക്കൽ |
| 17 | അമൃത.എസ്സ്, സുശീല ഭവൻ | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 18 | അഭിമന്യു സാജൻ.എ, ചരുവിള പുത്തൻവീട് | എസ്സ്.എൻ.ജി.ഡി.വി.എച്ച്.എസ്സ്.എസ്സ്, തുറ്റിയ്ക്കൽ |
| 19 | അഭിനയ.എസ്.എസ്, ഷിജു ഭവൻ | ജി.എൽ.പി.എസ്, ചിതറ |
| 20 | ജിത്തു.എ, വൈരം | ജി.എൽ.പി.എസ്, ചിതറ |
| 21 | ബിബിൻ.ആർ, ചരുവിള പുത്തൻവീട് | ജി.എൽ.പി.എസ്, ചിതറ |
| 22 | സിബിൻ.എസ്. തിരുവോണം | ജി.എൽ.പി.എസ്, ചിതറ |
| 23 | ഐശ്വര്യ മനോജ്, ശ്രീഭദ്ര വിലാസം | ജി.എച്ച് എസ്സ്.എസ്സ്,ചിതറ |
| 24 | പ്രണവ്, പ്രണവ് നിവാസ് | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 25 | രേഷ്മ.എസ്. ജെ, ഷൈജ മന്ദിരം | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 26 | അംജ അഖിലേഷ്.എ.എസ്, ലക്ഷം വീട് | ജി.എൽ.പി.എസ്, ചിതറ |
| 27 | പവിത്ര പ്രശാന്ത്.പി,,,,ചരുവിള പുത്തൻവീട് | ജി.എൽ.പി.എസ്, ചിതറ |
| 28 | ഭദ്ര.എസ്, ബിജു വിലാസം | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 29 | ആദിത്യൻ.ഡി, സാന്ദ്രാ ഭവൻ | എസ്സ്.എൻ.യു.പി.എസ്സ്, കൊല്ലായിൽ |

സ.ഉ(കൈ)നം.115/2022/തസ്വഭവ/28.5.2022 ഖണ്ഡിക 7.2.6 പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവിനു വിരുദ്ധമായി ആനുകൂല്യവിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് എസ്.സി.കുട്ടികൾക്കായുള്ള പഠനോപകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ കുട്ടികളുടെ പേര്, ക്ലാസ്സ് എന്നിവ ഉണ്ടായിരുന്നില്ലെന്നും, രക്ഷകർത്താക്കളുടെ പേര് മാത്രമാണുണ്ടായിരുന്നതെന്നും ആയതു പ്രകാരമാണ് പഠനോപകരണം വിതരണം ചെയ്തതെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാകയാൽ മറുപടി അംഗീകരിക്കുന്നില്ല. ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ച 145000/-രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

എൻക്വയറി നം.**-4/15.11.24**

നിരാകരിച്ച തുക **-145000/-**

ഉത്തരവാദിയായഉദ്യോഗസ്ഥൻ- **ശ്രീ.ബി.രാജു,** ഹെഡ്മാസ്റ്റർ

**1-28 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല**

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | അംഗനവാടിയിലും പൊതുസ്ഥലങ്ങളിലും കുഴൽകിണറുകൾ സ്ഥാപിക്കൽ (പ്രോജക്ട് നം 172/2023-24) | 727/ 27-03-2024 | 610355/- | 0 | 610355/- |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് (പ്രോജക്ട് നം 122/2023-24) | 176/03-11-2023 213/21-11-23 | 115234/- | 0 | 115234/- |
| വനംവികാസ ഏജൻസി | മെരിസ്റ്റിക്ക ചതുപ്പുകളുടെ സംരക്ഷണം (പ്രോജക്ട് നം 290/2023-24) | 326/01-01-2024 | 700000/- | 636287/- | 63713/- |
| | | | | ആകെ | **789302/-** |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിലേക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/21-11-2024) മറുപടി നൽകിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവായ തുക 789302/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-**29/21-11-2024**

തടസ്സപ്പെടുത്തിയ തുക-**789302/-**രൂപ

**1-29 തുമ്പൂർമൂഴി കമ്പോസ്റ്റ് യൂണിറ്റ് -നിർമ്മാണം പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തി നിർമ്മാണം പൂർത്തീകരിച്ച ചുവടെ സൂചിപ്പിക്കുന്ന പ്രവൃത്തി നാളിതുവരെ പ്രവർത്തനം ആരംഭിച്ച് പദ്ധതിലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം 254/24, ചിതറ ഗ്രാമ പഞ്ചായത്ത് സ്കൂളുകളിൽ തുമ്പൂർമൂഴി ബയോ കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം എന്ന പദ്ധതി പ്രകാരം മുതയിൽ എൽ.പി.എസ്, ചാമക്കാല എൽ.പി.എസ്, ചിതറ.എച്ച്.എസ്.എസ്, ദുറ്റിക്കൽ യു.പി.എസ് എന്നീ നാല് സ്ഥാപനങ്ങളിൽ ബയോകമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ബയോകമ്പോസ്റ്റ് യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കുന്നതിനായി രേഖാ മൂലം അറിയിച്ചതിന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും എല്ലാ സ്കൂളുകളിലും പദ്ധതിയുടെ തുടർ നടത്തിപ്പിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ

നിന്നും 4,13,175/-രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ നിന്നും 522381/-രൂപയും ഉൾപ്പെടെ ആകെ 935556/-രൂപ ചെലവഴിച്ച പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർനടപടികൾ സ്വീകരിച്ച് പ്രവർത്തനം ആരംഭിക്കാതിരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ബന്ധപ്പെട്ട സ്ഥിരം സമിതി, ഭരണസമിതി എന്നിവയുടെ അടിയന്തിരമായ ഇടപെടൽ ഉണ്ടാകേണ്ടതും ഗ്രാമപഞ്ചായത്തിന്റെ പരിധിയിലെ സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള തുമ്പൂർമൂഴി മാതൃകയിലുള്ള ബയോകമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതും, വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം **12** എ/**18-11-2024.**

**1-30 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ ചെലവഴിക്കപ്പെടാതെ തുക അവശേഷിച്ചിരിക്കുന്നു.**

ഇന്ത്യൻ ബാങ്കിന്റെ ചിതറ ശാഖയിൽ, ചിതറ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള 757837594 നമ്പർ അക്കൌണ്ടിൽ 255236/-രൂപ അവശേഷിക്കുന്നുണ്ട്. ടി അക്കൌണ്ടിലുള്ള തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടപ്പോൾ ടി തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് കഴിഞ്ഞിട്ടില്ല. ഈ തുകയുടെ കൃത്യത ഉറപ്പാക്കി ബാധ്യത ഒടുക്കു വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം**-1/13-11-2024**

**1-31 പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ- 14355/- രൂപ അധികം അനുവദിച്ചു**

നിർവഹണ ഉദ്യോഗസ്ഥൻ-അസി സെക്രട്ടറി.

| പ്രോജക്ട് | വകയിരുത്തൽ | ചെലവ് |
|---|---|---|
| പ്രോജക്ട് നം 171/2023-24<br>പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | വികസന ഫണ്ട് -എസ് സി-200250/-രൂപ | വികസന ഫണ്ട് എസ് സി-188210/-രൂപ |

ചിതറ ഗ്രാമപഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രോജക്ട് നമ്പർ 171/24 പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി ടെൻഡർ ക്ഷണിച്ചതിൽ Fail Glow Traders യുവക്കാട്, ധവളപ്രഭ ചന്ദനക്കാവ് കുളത്തൂപ്പുഴ, സാരഥി ഇലക്ട്രിക്കൽസ് മാർക്കറ്റ് ജംഗ്ഷൻ കുളത്തൂപ്പുഴ, എന്നീ സ്ഥാപനങ്ങൾ മത്സര ടെൻഡറുകൾ സമർപ്പിച്ചിരുന്നു. ആയതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 1595/-രൂപ Per Unit രേഖപ്പെടുത്തിയ ധവളപ്രഭ കുളത്തൂപ്പുഴ എന്ന സ്ഥാപനത്തിന്റെ ടെൻഡർ 01/03/2024 അജണ്ട 2 തീരുമാന നമ്പർ :- 4 പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 118 പോസ്റ്റുകളിൽ തെരുവ് വിളക്ക് സ്ഥാപിച്ചതിന്റെ ചെലവ് തുക 188210/-രൂപ ബിൽ നം 672/25-03-2024 പ്രകാരം ധവളപ്രഭ എന്ന സ്ഥാപനത്തിന് അനുവദിച്ചു. ഓഡിറ്റിന് ലഭ്യമാക്കിയ ഇൻസ്റ്റലേഷൻ റിപ്പോർട്ട്, അസി.സെക്രട്ടറി പരിപാലിക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ

എന്നിവ പ്രകാരം 109 പോസ്റ്റുകളിലാണ് തെരുവ് വിളക്ക് സ്ഥാപിച്ചത് വിശദാംശം ചുവടെ.

| വാർഡ് | എണ്ണം |
|---|---|
| 3 | 27 |
| 11 | 17 |
| 20 | 9 |
| 1 | 22 |
| 14 | 7 |
| 5 | 6 |
| 17 | 12 |
| 19 | 9 |
| | 109 |

9 പോസ്റ്റുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കാതെ 14355/-രൂപ (9 X 1595) അധികമായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റ് അപാകത ചുവടെ ചേർക്കുന്നു

എ) 15W LED ബൾബ് സ്ഥാപിക്കാനാണ് പ്രോജക്ട് അംഗീകാരം ലഭിച്ചിരിക്കുന്നത് എന്നാൽ 24W LED ബൾബ് സ്ഥാപിക്കുന്നതിനാണ് 188210/-രൂപ ചെലവഴിച്ചു. പ്രോജക്ട് പരിഷ്കരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.

ബി) 13 പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കാൻ എസ്.സി.പി ഫണ്ട് ചെലവഴിക്കുന്നതിന് ചടയമംഗലം SCDO Feasibility Certificate നൽകിയിരിക്കുന്നത്. എന്നാൽ പദ്ധതി നിർവഹണം നടത്തിയതിന് ലഭ്യമാക്കിയ Installation Certificate ൽ വാർഡ് മാത്രമാണ് രേഖപ്പെടുത്തിയത്. പട്ടികജാതി വിഭാഗത്തിലെ ജനങ്ങൾ കൂടുതലായി ഉൾപ്പെടുന്ന പ്രദേശങ്ങളിലാണോ തെരുവുവിളക്ക് സ്ഥാപിച്ചിട്ടുള്ളതെന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (21/19.11.24) നൽകിയതിനെ തുടർന്ന് 9 പുതിയ പോസ്റ്റ് നമ്പറുകൾ രജിസ്റ്ററിൽ എഴുതി ചേർത്ത് ഹാജരാക്കി. പ്രസ്തുത പ്രവൃത്തി പദ്ധതി നിർവഹണത്തിന്റെയും, ചെലവുകളുടെയും സാധുതയെ ചോദ്യം ചെയ്യുന്നതാകയാൽ മേൽ വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു. പുതുതായി ചേർത്തിട്ടുള്ള 9 പോസ്റ്റുകളിൽ ടി പ്രോജക്ട് പ്രകാരം തെരുവ് വിളക്ക് സ്ഥാപിച്ചിട്ടുള്ളതിന്റെ രേഖകളും, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അഭിപ്രായവും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.**-21/19.11.24**

**1-32 തെരുവ് വിളക്ക് സ്ഥാപിക്കൽ- ഇരട്ടിപ്പ് - 87220/- രൂപ അധികം അനുവദിച്ചത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.**

2023-24 സാമ്പത്തിക വർഷം ചിതറഗ്രാമപഞ്ചായത്തിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനായി സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവഹണ ഉദ്യോഗസ്ഥർ ആയി ആകെ 6 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 13 പട്ടികജാതി കോളനികളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനും, രണ്ടുവർഷം പരിപാലിക്കുന്നതിനും ആയിട്ടുള്ള പദ്ധതി (171/2023-24) അസിസ്റ്റന്റ് സെക്രട്ടറിയും, മറ്റു പ്രദേശങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ

(312/24, 315/24,,318/24,319/24,321/24) സെക്രട്ടറിയും നടപ്പാക്കി.

ഓഡിറ്റിന് ലഭ്യമാക്കിയ സ്ട്രീറ്റ്ലൈറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രോജക്റ്റ് നം-171/2023-24, പ്രോജക്റ്റ് നം-315/2023-24, പ്രോജക്റ്റ് നം-319/2023-24 എന്നിവയിൽ ഒരേ പോസ്റ്റിൽ തന്നെ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിച്ചതായി രേഖപ്പെടുത്തി 2 കരാറുകാർക്കും സെക്രട്ടറിയും, അസി.സെക്രട്ടറിയും പ്രത്യേകം തുക അനുവദിച്ചു. വിശദാംശം ചുവടെ

| പ്രോജക്റ്റ് | വകയിരുത്തൽ | ചെലവ് | നിർവഹണ ഉദ്യോഗസ്ഥൻ | കരാറുകാരൻ | ഇൻവോയ്സ് നമ്പർ |
|---|---|---|---|---|---|
| പ്രോജക്റ്റ് നം 171/2023-24 പട്ടികജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ | വികസന ഫണ്ട് – എസ് സി 200250/- | വികസന ഫണ്ട് എസ് സി – 188210/- | അസി സെക്രട്ടറി | ധവളപ്രഭ ചന്ദനക്കാവ് കുളത്തുപ്പുഴ | 1/11-03-2024 = 47850<br>2/11-03-2024 = 47850<br>3/11-03-2024 = 47850<br>4/11-03-2024 = 47850 |
| പ്രോജക്റ്റ് നം 315/2023-24 04,08,03,13 എന്നീ വാർഡുകളിൽ തെരുവ് വിളക്ക് വാങ്ങൽ | CFC -200000/- തനത് ഫണ്ട് 295000/- | CFC -200000 തനത് ഫണ്ട് 294840/- | സെക്രട്ടറി | Fair Glow Traders കുളത്തുപ്പുഴ | ഇല്ല |
| പ്രോജക്റ്റ് നം 319/2023-24 14,15,02,01 എന്നീ വാർഡുകളിൽ തെരുവ് വിളക്ക് വാങ്ങൽ | CFC -200000 തനത് ഫണ്ട് 295000/- | CFC -200000/- തനത് ഫണ്ട് 294840/- | സെക്രട്ടറി | Fair Glow Traders കുളത്തുപ്പുഴ | ഇല്ല |

1) ഒരേ പോസ്റ്റിൽ തന്നെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതായി കാണിച്ച് തുക അനുവദിച്ചതിന്റെ വിവരം

| ക്രമ നമ്പർ | പോസ്റ്റ് നമ്പർ | അസിസ്റ്റന്റ് സെക്രട്ടറിയുടെ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പേജ് / സീരിയൽ നമ്പർ | അസിസ്റ്റന്റ് സെക്രട്ടറിയുടെ പ്രോജക്റ്റ് വിശദാംശം | സെക്രട്ടറിയുടെ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പേജ്/ സീരിയൽ നമ്പർ | സെക്രട്ടറിയുടെ പ്രോജക്റ്റ് വിശദാംശം |
|---|---|---|---|---|---|
| A | വാർഡ് - 03 | | | | |
| 1 | C/CM 93/24/3 | 3/1 | പ്രോജക്റ്റ് നം -171/2023-24 പ്രവൃത്തി നിർവഹണം നടത്തിയ സ്ഥാപനം - ധവളപ്രഭ ചന്ദനക്കാവ് കുളത്തുപ്പുഴ | 28/113 | പ്രോജക്റ്റ് നം -315/2023-24 പ്രവൃത്തി നിർവഹണം നടത്തിയ സ്ഥാപനം - Fair Glow Traders കുളത്തുപ്പുഴ |
| 2 | C/CM 93/24/4 | 3/2 | | 28/114 | |
| 3 | C/CM 93/24/5/1 | 3/4 | | 28/115 | |
| 4 | C/CM 93/24/5/2 | 3/5 | | 28/116 | |

| | | | | | |
|---|---|---|---|---|---|
| | | | പ്രവൃത്തി - 24W LED ബൾബ് സ്ഥാപിക്കൽ<br>01/03/2024 അജണ്ട 2 തീരുമാന നമ്പർ :- 4<br>കരാർ തീയതി -07/03/2024<br>കരാർ കാലാവധി - 07/03/2024-06/03/2026<br>നിരക്ക് - 1595/-<br>ചെലവ് വിവരം<br>118 പോസ്റ്റുകളിൽ തെരുവ് വിളക്ക് സ്ഥാപിച്ചതിന്റെ ചെലവ് ഇനത്തിൽ (1595*118) 188210/- രൂപ ബിൽ നം 672/25-03-2024 പ്രകാരം ധവളപ്രഭ എന്ന സ്ഥാപനത്തിന് അനുവദിച്ചു | | പ്രവൃത്തി - 30W LED ബൾബ് സ്ഥാപിക്കൽ<br>24/01/2024 ലെ 2-ാം നമ്പർ തീരുമാനം<br>കരാർ തീയതി -<br>കരാർ കാലാവധി -<br>02/02/2024-01/02/2026<br>നിരക്ക് - 1780/-<br>ചെലവ് വിവരം<br>278 പോസ്റ്റുകളിൽ തെരുവ് വിളക്ക് സ്ഥാപിച്ചതിന്റെ ചെലവ് ഇനത്തിൽ (1780*278) 494840/- രൂപ ബിൽ നം 456/21-02-2024 പ്രകാരം 200000/-രൂപയും ബിൽ നം 677/25-03-2024 പ്രകാരം 294840/-രൂപയും ഉൾപ്പടെ 494840/- രൂപ Fair Glow Traders എന്ന സ്ഥാപനത്തിന് അനുവദിച്ചു |
| 5 | C/PEK 28/10/15/2/3 | 3/6 | | 28/117 | |
| 6 | C/PEK 28/10/15/2/6 | 3/7 | | 28/118 | |
| 7 | C/PEK 28/10/15/2/8 | 3/8 | | 28/119 | |
| 8 | C/PEK 28/10/15/2/4/3 | 3/9 | | 28/120 | |
| 9 | C/PEK 28/10/15/2/4/2 | 3/10 | | 28/121 | |
| 10 | C/ PEK/28/10/15/2 | 3/12 | | 28/122 | |
| 11 | C/CM 28/8/6 | 3/13 | | 28/123 | |
| 12 | C/KMA 6/3 | 3/16 | | 28/126 | |
| 13 | C/KMA/16/1 | 3/17 | | 28/127 | |
| 14 | C/KMA 58/15 | 3/18 | | 28/128 | |
| 15 | C/KMA 58/12 | 3/19 | | 28/129 | |
| 16 | C/KMA/58/01 | 3/20 | | 28/130 | |
| 17 | C/KMA 58/17 | 3/21 | | 28/131 | |
| 18 | C/KMA/58/2 | 3/23 | | 28/133 | |
| 19 | C/KMA 58 | 3/24 | | 29/134 | |
| 20 | C/KMA 76/1 | 3/25 | | 29/135 | |
| 21 | C/KMA 76/3 | 3/27 | | 29/137 | |
| B | വാർഡ് - 01 | | | | |
| 22 | C/AP 41/19/8 | 6/1 | | 23/21 | പ്രോജക്ട് നം -319/2023-24<br>പ്രവൃത്തി നിർവഹണം നടത്തിയ സ്ഥാപനം -<br>Fair Glow Traders കുളത്തൂപ്പുഴ<br>പ്രവൃത്തി - 30W LED ബൾബ് സ്ഥാപിക്കൽ<br>29/12/2023 ലെ 2-ആം നമ്പർ തീരുമാനം<br>കരാർ തീയതി -<br>കരാർ കാലാവധി -<br>03/01/2024-02/01/2026<br>നിരക്ക് - 1780/-<br>ചെലവ് വിവരം<br>278 പോസ്റ്റുകളിൽ തെരുവ് വിളക്ക് സ്ഥാപിച്ചതിന്റെ ചെലവ് ഇനത്തിൽ (1780*278) 494840/- രൂപ |
| 23 | C/AP 41/19/11 | 6/2 | | 23/22 | |
| 24 | C/AP 41/19/15 | 6/3 | | 23/23 | |
| 25 | C/AP 41/19/15/2 | 6/4 | | 23/24 | |
| 26 | C/AP 41/19/5 | 6/5 | | 23/25 | |
| 27 | C/AP 41/19 | 6/6 | | 23/26 | |
| 28 | C/AP 41/11 | 6/7 | | 23/27 | |
| 29 | C/AP 99 | 6/8 | | 23/28 | |
| 30 | C/AP 97 | 6/9 | | 23/29 | |
| 31 | C/AP 94 | 6/10 | | 23/30 | |
| 32 | C/AP 90 | 6/11 | | 23/31 | |
| 33 | C/AP 79/9 | 6/12 | | 23/32 | |
| 34 | C/AP79/3 | 6/14 | | 23/33 | |
| 35 | C/AP 79 | 6/15 | | 23/34 | |
| 36 | C/AP 69 | 6/16 | | 23/35 | |
| 37 | C/PKM 13/08 | 6/17 | | 23/36 | |
| 38 | C/PKM 18/1 | 6/18 | | 23/37 | |
| 39 | C/PKM 13/6 | 6/19 | | 23/38 | |
| 40 | C/AP 81/23 | 6/20 | | 23/39 | |
| 41 | C/AP 81/23 /3 | 6/21 | | 23/40 | |
| 42 | C/AP 81/25 | 6/22 | | 23/41 | |
| C | വാർഡ് - 14 | | | | |

| | | | | | |
|---|---|---|---|---|---|
| 43 | C/KT 5/7 | 7/1 | | 16/34 | ബിൽ നം 380/10-01-2024 പ്രകാരം 200000/-രൂപയും, ബിൽ നം 381/16-01-2024 പ്രകാരം 294840/-രൂപയും ഉൾപ്പടെ 494840/-രൂപ Fair Glow Traders എന്ന സ്ഥാപനത്തിന് അനുവദിച്ചു |
| 44 | C/KT 5/11 | 7/2 | | 16/35 | |
| 45 | C/KT 5/15 | 7/3 | | 16/36 | |
| 46 | C/KT 519 | 7/4 | | 16/37 | |
| 47 | C/CT 4/30/5/9 | 7/5 | | 16/38 | |
| 48 | C/CT 4/30/5/3 | 7/6 | | 16/39 + 16/40 | |
| 49 | C/CT 13/23 | 7/7 | | 16/41 | |

മേൽ പ്രതിപാദിച്ച രീതിയിൽ രണ്ടുവർഷം പരിപാലന കാലാവധിയുള്ള സ്ട്രീറ്റ് ലൈറ്റ് ഒരേ പോസ്റ്റിൽ സ്ഥാപിച്ചതായി കാണിച്ച് 2 നിർവഹണ ഉദ്യോഗസ്ഥർ ഒരേ കാലയളവിൽ 2 കരാറുകാർക്ക് തുക അനുവദിച്ചു. മേൽ അപാകത നിമിത്തം ആകെ 87220/-രൂപ (49 X 1780) അധികം ചെലവഴിച്ചു .

മറ്റ് അപാകതകൾ

1. ഇരട്ടിപ്പ് വന്ന 49 പോസ്റ്റുകളിൽ ഏത് കരാറുകാരനാണ് യഥാർത്ഥത്തിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിച്ചത് എന്ന് വ്യക്തമല്ല.
2. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റുകൾ/രജിസ്റ്റർ എന്നിവയിൽ പ്രവൃത്തി നടത്തിയ തീയതി രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി(27/19.11.24) നൽകിയതിനെ തുടർന്ന് സെക്രട്ടറി പരിപാലിക്കുന്ന തെരുവ് വിളക്ക് രജിസ്റ്ററിൽ 49 പോസ്റ്റുകളുടെ അധിക വിവരം പ്രോജക്ട് നം -319/2023-24, പ്രോജക്ട് നം -315/2023-24 എന്നിവയിൽ എഴുതി ചേർത്ത് ഹാജരാക്കി.

2023-24 സാമ്പത്തിക വർഷം സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ 5 പ്രോജക്ടുകളിലൂടെ 1780/-രൂപ നിരക്കിൽ 1390 എണ്ണം 30W LED ബൾബ് സ്ഥാപിച്ചതിന് 24,74,200/-രൂപയും, അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ 1 പ്രോജക്ടിലൂടെ 1595/-രൂപ നിരക്കിൽ 118 എണ്ണം 24W LED ബൾബ് സ്ഥാപിച്ചതിന് 188210/-രൂപയും ഉൾപ്പടെ ആകെ 26,62,410/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തെരുവ് വിളക്ക് രജിസ്റ്ററിൽ തിരുത്തൽ വരുത്തി അപാകത പരിഹരിച്ച നടപടി പദ്ധതി നിർവഹണത്തിന്റെയും, ചെലവുകളുടെയും സാധുതയെ ചോദ്യം ചെയ്യുന്നതാകയാൽ മേൽ വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി **27/19-11-2024**

## 1-33 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം - QR Code Enrollment Details എന്നിവ പൊരുത്തപ്പെടുന്നില്ല

| പ്രോജക്ട് | വകയിരുത്തൽ(രൂപ) | ചെലവ്(രൂപ ) |
|---|---|---|
| പ്രോജക്ട് നം 233/2023-24 | വികസന ഫണ്ട് - 62000/- | വികസന ഫണ്ട് -25846/- |

| | |
|---|---|
| സ്മാർട്ട് ഗാർബേജ് മേണിറ്ററിങ് സിസ്റ്റം | |

ചിതറ ഗ്രാമപഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രോജക്ട് -സ്മാർട്ട് ഗാർബേജ് മേണിറ്ററിങ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി 28000 QR Code പ്രിന്റ് ചെയ്യുന്നതിന് 25846/-രൂപ KELTRONന് അനുവദിച്ചു. എന്നാൽ ഹരിതമിത്രം ആപ്പ് ഡാറ്റ പ്രകാരം ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് തീയതി വരെ ആകെ 13929 QR Code പ്രിന്റ് ആണ് ഉപയോഗപ്പെടുത്തിയത്. ഉപയോഗപ്പെടുത്താത്ത 14071 QR Code പ്രിന്റ് ഇനത്തിൽ 15243/- രൂപ അധികം ചെലവഴിച്ചു. വിശദാംശം ചുവടെ.

| ഇൻവോയസ് | തുക(രൂപ) | **QR Code** പ്രിന്റ് | ബിൽ സാങ്ഷൻ നം |
|---|---|---|---|
| SGMS/A/ 2697/23-24 Dt 17-04-2024 | 11077/- | 12000 | 17/31-05-2023= 11077 |
| 11717 Dt 21/05/2023 | 14769/- | 16000 | 212/21-11-2023= 14769 |
| ആകെ | 25846/- | 28000 | |

അസി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഹരിതമിത്രം ആപ്പ് ഡാറ്റ റിപ്പോർട്ട് പ്രകാരം QR Code Enrollment Details എണ്ണം = 13929

വ്യത്യാസം = 14071

അധിക ചെലവ് = 15243/-രൂപ

ആവശ്യമായതിലും കൂടുതൽ ക്യൂ.ആർ.കോഡ് പ്രിന്റ് ചെയ്യുകയും, ആയതിന് തുടർ ഉപയോഗം ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അധികം തുക ചെലവഴിച്ചതിന് വിശദീകരണം നൽകാൻ അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/19-11-2024) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം**-20/19-11-2024**

**1-34 മുൻകൂർ കൈപ്പറ്റിയ ശേഷം വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.-**

നിർവഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഓ ചിതറ സർക്കിൾ

| പ്രോജക്ട് നം | വകയിരുത്തൽ(രൂപ ) | ചെലവ്(രൂപ) |
|---|---|---|
| പ്രോജക്ട് നം 80/2023-24 വീട് വാസയോഗ്യമാക്കൽ എസ് സി | വികസന ഫണ്ട് -എസ് സി- 2300000/- | വികസന ഫണ്ട് എസ് സി - 1850000/- |

സ.ഉ കൈ നം 115/2022/ത.സ്വ.ഭ.വ 28/05/2022 ഖ 6.7.4 പ്രകാരം ഭവന പുനരുദ്ധാരണ പ്രവൃത്തിക്ക് 50% തുക മുൻകൂറായി അനുവദിക്കാവുന്നതാണ്. എന്നാൽ മുൻകൂർ തുക കൈപ്പറ്റിയ ശേഷം പണി പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| മണിച്ചി പള്ളിക്കൽ വിളകത്ത് വീട് വാർഡ് 15 | 50000/- | ട്രഷറി ബിൽ നം 215/21-11-2023 |
| ഷീല, ഷീല ഭവനം | 50000 | 636/25-03-2024 |

മേൽ ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തിയാക്കി മൂല്യനിർണയ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തി നടത്തിയിട്ടില്ലെങ്കിൽ ഇവർക്ക് നൽകിയിട്ടുള്ള മുൻകൂർ തുക നിയമാനുസൃത നടപടികളിലൂടെ തിരികെ ഈടാക്കേണ്ടതാണ്.

**1-35 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 74/2024 | |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് | |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി | |
| ഫണ്ട് | വകയിരുത്തിയത് (രൂപ) | ചെലവഴിച്ച തുക(രൂപ) |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 400000/- | 400000/- |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് HOMCO യുടെ പ്രഫോർമ ഇൻവോയ്സ് നമ്പർ Inv. Pf-1207 തീയതി. 12/01/2024 ന്റെ അടിസ്ഥാനത്തിൽ ബിൽ നമ്പർ-512/11-03-2024 പ്രകാരം 400000/-രൂപ HOMCOക്ക് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 400000/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ മുഴുവൻ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി **-29/21-11-2024**

തടസ്സപ്പെടുത്തുന്ന തുക**-400000/-**രൂപ

**1-36 പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 173/2024 | |
| പ്രോജക്റ്റിന്റെ പേര് | പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് വൈദ്യുതി കണക്ഷൻ | |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി | |
| ഫണ്ട് | വകയിരുത്തിയത് (രൂപ) | ചെലവഴിച്ച തുക(രൂപ) |
| തനത് ഫണ്ട് | 30000/- | 29985/- |

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് വൈദ്യുതി കണക്ഷൻ ചെലവുകൾക്കായി ബിൽനം 548/18-03-2024 പ്രകാരം 29985/-രൂപ കരാറുകാരനായ ശ്രീ നോവലിന് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തനസജ്ജമാക്കി വിവരം ഓഡിറ്റിൽ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി **-29/21-11-2024**

**1-37 കമ്പിക്കാട് നീന്തൽപരിശീലന കേന്ദ്രം വസ്തു വാങ്ങൽ -പ്രമാണത്തിൽ വാഹനഗതാഗത സൗകര്യം പ്രതിപാദിക്കുന്നില്ല**

പ്രോജക്ട് നം 161/2024ന്റെ ഭാഗമായി കമ്പിക്കാട് നീന്തൽപരിശീലന കേന്ദ്രം വസ്തു വാങ്ങുന്നതിന് ത.സ്വ.ഭ.വ ജില്ലാ ജോയിന്റ്ഡയറക്ടറുടെ 08/02/2024 ലെ LSGD/JD/ KLM-402/2024-B1 നമ്പർ അനുയോജ്യത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.ശുഭയുടെ കൈവശമുള്ള സർവ്വേനം 220/15 ൽ പെട്ട 7ആർ.73ച.മീ ഭൂമി 1045000/-രൂപയ്ക്കും, ശ്രീ.അപ്പു എസ് എസ്, കൈവശമുള്ള സർവ്വേനം 220/14 ൽ പെട്ട 7ആർ .25ച.മീ ഭൂമി 990000/-രൂപയ്ക്കും ബിൽ നം 440/15-02-2024 പ്രകാരവും അനുബന്ധ ചെലവ് ബിൽ നം 453/21-02-2024 പ്രകാരം 7500/-രൂപയും ഉൾപ്പടെ 2042500/-രൂപ ചെലവഴിച്ചു. കൊട്ടാരക്കര തഹസിൽദാറുടെ 27/12/2023ലെ TLK KTR/3274/2023-A8 നമ്പർ വാല്യുവേഷൻ പ്രകാരം 1 ആർ ന് 145280/-രൂപ വില കണക്കാക്കിയ മേൽ ഭൂമി നെഗോഷ്യേഷൻ പ്രകാരം ആർ ന് 135850/- രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്.

15/02/2024 ൽ മേൽ വസ്തു സെക്രട്ടറി പേർക്ക് രജിസ്റ്റർ ചെയ്തു (തണ്ടപേർ നം 17919). പ്രസ്തുത പ്രമാണത്തിൽ വാഹനഗതാഗത സൗകര്യത്തിന് ഉതകുന്ന വഴിക്ക് പകരം 3 ലിങ്ക്സ് വീതിയുള്ള നടവഴിമാത്രമാണ് എഴുതിനൽകിയിരിക്കുന്നത്. ഈ വിഷയം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

**1-38 ഇൻഷുറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയില്ല.**

മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിക്കും കരാർ തുകയുടെ 0.5%, (മിനിമം 2,00,000/- രൂപ, മാക്സിമം 5,00,000/-രൂപ) ഇൻഷുറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. പ്രസ്തുത വ്യവസ്ഥ കരാറുകാർക്ക് നൽകിയ ലെറ്റർ ഓഫ് അക്സപ്റ്റൻസിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല എന്നു കാണുന്നു.

| പ്രവൃത്തിയുടെ പേര് | അംഗീകരിച്ച കരാർ തുക₹ | ഈടാക്കേണ്ടുന്ന ഫൈൻ₹ | ഈടാക്കിയ ഫൈൻ₹ | ഈടാക്കാൻ ബാക്കി₹ | അഭിപ്രായം |
|---|---|---|---|---|---|
| 244/24, കൊല്ലായിൽ സ്റ്റേഡിയം<br>കരാറുകാരൻ-ശ്രീ.രാഗിൻ.പി | 343315/- | 687/- | 0 | 687/- | - |
| 28/24,മടത്തറ ബസ് സ്റ്റാൻഡ് നവീകരണം<br>കരാറുകാരൻ-ശ്രീ.രാഗിൻ.പി | 1670953.45/- | 3342/- | 0 | 3342/- | പ്രവൃത്തി 01-08-2024 മുതൽ 31-01-2025 വരെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ഉണ്ട്. |
| 254/24, ചിതറ ഗ്രാമ പഞ്ചായത്തിലെ | 1167157.87/- | 2334/- | 0 | 2334/- | |

| | | | | | |
|---|---|---|---|---|---|
| ഗവ,എൽ.പി,യു,പി സ്കൂളുകളിൽ തുമ്പൂർമൂഴി മോഡൽ ബയോകമ്പോസ്റ്റ് നിർമ്മാണം കരാറുകാരൻ- ശ്രീ.കെ.എസ്.നിസാറുദ്ദീൻ | | | | | |
| 252/24 വേങ്കോല മൈലാടി റോഡ് കരാറുകാരൻ- ശ്രീ.കെ.എസ്.നിസാറുദ്ദീൻ | 84438/- | 169/- | 0 | 169/- | |
| 150/24 ,കിഴവിള- കൊട്ടാരത്ത് | 238830/- | 478/- | 0 | 478/- | |
| 141/24, വട്ടക്കൈത ഇരപ്പിൽ റോഡ് | 108713/- | 217/- | 0 | 217/- | |
| 297/24, മഹാഗണി സൌത്ത് ഈസ്റ്റ് വെസ്റ്റ് റോഡ് രണ്ടാം ഘട്ടം | 150614/- | 301/- | 0 | 301/- | |
| 241/24, ത്തുറ്റിക്കൽ പാലാംകോണം റോഡ് സൈഡ് കെട്ട് | 377423/- | 755/- | 0 | 755/- | |
| 245/24,മന്ദിരാംകുന്ന് കോളനി റോഡ് | 398502/- | 797/- | | 797/- | |
| 259/24 എസ്.സി കോളനി റോഡ് കരാറുകാരൻ-ശ്രീ.ജയദ്രജൻ | 546327/- | 1093/- | 0 | 1093/- | |
| 256/24- മടത്തറ ജംഗ്ഷൻ തട്ടുപാലം റോഡ് കരാറുകാരൻ - ശ്രീ.ഷിബു.വി | 84401/- | 169/- | 0 | 169/- | |
| 311/24-തുമ്പമൺ തൊടി- കാരറ റോഡ് മെയിന്റനൻസ് കരാറുകാരൻ - ശ്രീ.ഷിബു.വി | 175644/- | 351/- | 0 | 351/- | |
| 240/24-വളവുപച്ചഅങ്കണവാടി ചുറ്റമതിൽ കരാറുകാരൻ-ശ്രീ.ജയദ്രജൻ | 265761/- | 532/- | 0 | 532/- | |
| 148/24, ചെക്കിട്ടമുക്ക് കണിയാംകോണം റോഡ് മെയിന്റനൻസ് കരാറുകാരൻ- ശ്രീ.വിപിൻ | 179566/- | 359/- | 0 | 359/- | |
| 274/24-വേങ്ങോട് അങ്കണവാടി നവീകരണം കരാറുകാരൻ- ശ്രീ.ജയപാലൻ | 154810/- | 310/- | 0 | 310/- | |
| 08/24,മുതയിൽ എൽ,പി,എസ് അടുക്കള കെട്ടിടം പൂർത്തീകരണം കരാറുകാരൻ- | 324910/- | 650/- | 0 | 650/- | |

| | | | | | |
|---|---|---|---|---|---|
| ശ്രീ.രാഗിൻ | | | | | |
| 251/24- സാംസ്കാരിക നിലയം കോൺക്രീറ്റിംഗ് കരാറുകാരൻ-ശ്രീ.ഷിബു.വി | 573056/- | 1146/- | 0 | 1146/- | |
| 84/24- ശിവൻമുക്ക് അങ്കണവാടി കരാറുകാരൻ-ശ്രീ.ഷിബു.വി | 163032/- | 326/- | 0 | 326/- | |
| 57/24-കാരിച്ചിറ അങ്കണവാടി കരാറുകാരൻ- ശ്രീ.അർഷാദ്.ആർ.പ്രസാദ്) | 209712 | 419/- | 0 | 419/- | |
| 89/24-വളവുപച്ച അങ്കണവാടി കരാറുകാരൻ-ശ്രീ.ഷിബു.വി | 156701/- | 313/- | 0 | 313/- | |
| | | | ആകെ | 14748/- | |

ടി തുക നിശ്ചിത സമയപരിധിക്കുള്ളിൽ ഇൻഷുറൻസ് രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത കരാറുകാരനിൽ നിന്നും, നിയമാനുസൃത പിഴ ഈടാക്കുന്നതിന് ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-39 ഹരിതകർമ്മ സേന അവലോകനം

മാലിന്യ സംസ്കരണം കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 166(1)3-ാം പട്ടിക (എ)-6. "ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിയുകയും ചെയ്യുകയും, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുകയും ചെയ്യുകയും" സംബന്ധിച്ച കാര്യങ്ങൾ നിർവ്വഹിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 219-എ മുതൽ എക്സ് വരെയുള്ള വകുപ്പുകൾ മാലിന്യ പരിപാലനം സംബന്ധിച്ച് ഗ്രാമപഞ്ചായത്തും പൊതുജനങ്ങളും നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളും ചുമതലകളും, അത് സംബന്ധിച്ച ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും വിശദമായി പ്രതിപാദിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണത്തിനും, അജൈവ മാലിന്യങ്ങളുടെ ശേഖരിക്കൽ, കൈയ്യൊഴിയൽ സംബന്ധിച്ചും, സേവനങ്ങളും ഫീൽഡ്തല പ്രവർത്തനങ്ങളും നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന. മാലിന്യ സംസ്കരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രചാരണ പരിപാടികൾ, ആവശ്യകതാ നിർണ്ണയ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രചരണ പരിപാടികൾ, യൂസർ ഫീ ശേഖരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഹരിതകർമ്മസേന നിർവ്വഹിക്കുന്നു. ചിതറ ഗ്രാമപഞ്ചായത്തിലെ ഉറവിടങ്ങളിലും വിവിധ തലങ്ങളിലും ഉള്ള അജൈവ/ജൈവ മാലിന്യത്തിന്റെ പരിപാലനം, വേർതിരിക്കൽ, സംസ്കരണ കേന്ദ്രങ്ങളിലേക്ക് മാലിന്യം എത്തിച്ചേരുന്നത് എന്നിവ സംബന്ധിച്ച ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രവർത്തനാവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ഇരുപത്തിമൂന്ന് വാർഡുകളുള്ള ചിതറ ഗ്രാമപ്പഞ്ചായത്തിൽ 14085 വീടുകളും 1062 സ്ഥാപനങ്ങളുമുണ്ട്. മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കിയിട്ടുണ്ട്. ഷെഡ്യൂൾ ചെയ്ത പ്രകാരം മാലിന്യ ശേഖരണം നടക്കുന്നുണ്ട്. വീടുകളിലുള്ള അജൈവ മാലിന്യം

എല്ലാ മാസവും മുടക്കം കൂടാതെ ഹരിതകർമ്മസേനയ്ക്ക് നൽകണമെന്നും, അവർക്ക യൂസർഫീ നൽകണമെന്നുമുള്ള അറിയിപ്പ് പൊതുജനങ്ങളിൽ എത്തിച്ചിട്ടുമുണ്ട്. ഹരിതകർമ്മസേനയുമായി സഹകരിക്കാത്തവർക്ക് നോട്ടീസ് നൽകിയും ഫോൺ വഴിയും അറിയിപ്പ നൽകുകയും ചെയ്യുന്നുണ്ട്. വീട്ടുകളിൽ നിന്നും അജൈവ മാലിന്യം തരം തിരിച്ച്, ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നു. ശേഖരിക്കുന്ന മാലിന്യം സംസ്കരിക്കുന്നതിന് എം.സി.എഫിൽ സ്ഥല പരിമിതി ഉണ്ട്. ഗ്രാമപഞ്ചായത്തിൽ ജൈവ-അജൈവ മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിന് ഹരിതകർമ്മ സേനാംഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. 2023-24 വർഷം നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ഹരിതകർമ്മസേനയുടെ വരുമാനം

ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം 46 ആണ്. മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട സേവനങ്ങൾക്കുള്ള യൂസർ ഫീ ആണ് പ്രധാന വരുമാന മാർഗം. ശേഖരിക്കുന്ന യൂസർ ഫീ തുക ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. പ്രതിമാസ വരുമാനം കൺസോർഷ്യത്തിൽ സൂക്ഷിക്കുകയും ഹരിതകർമ്മസേനാംഗങ്ങളുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈമാറുന്നത് വഴിയുള്ള വരുമാനവും ചേർത്ത് ശമ്പളമിനത്തിൽ വീതിച്ചു നൽകുന്നു. ശരാശരി 11,500/-രൂപ പ്രതിമാസവേതനമായി ഓരോ ഹരിതകർമ്മ സേനാംഗത്തിനും ലഭിച്ചുവരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൈമാറുന്നതിന് ക്ലീൻകേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ലഭിച്ച യൂസർ ഫീ ചുവടെ ചേർക്കുന്നു. വയബിലിറ്റ് ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല.

| **2023-24** വർഷം ലഭിച്ച യൂസർ ഫീ(രൂപ) | സെഗ്രിഗേറ്റഡ് പ്ലാസ്റ്റിക് വിറ്റയിനത്തൽ ലഭിച്ച തുക(രൂപ) | ആകെ(രൂപ) | പിഴ ഇനത്തിൽ ലഭിച്ച തുക(രൂപ) | ശമ്പളമിനത്തിൽ നൽകിയ തുക (രൂപ) |
|---|---|---|---|---|
| 61,70,550/- | 5,45,071/- | 67,15,621/- | 28,000/- | 58,71,320/- |

<u>മാലിന്യം നീക്കം ചെയ്യൽ</u>

ഒരോ വാർഡുകളേയും അവിടുത്തെ വീട്ടുകളേയും സ്ഥാപനങ്ങളേയും അടിസ്ഥാനമാക്കി ക്ലസ്റ്ററുകളായി തിരിച്ച്, ഹരിത മിത്രം ആപ്പ് വഴി ഹരിതകർമ്മസേനാംഗങ്ങൾ വാതിൽപടി സേവനത്തിലൂടെ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. എല്ലാ വാർഡുകളിലും ക്യൂ.ആർ കോഡ് കവറേജ് ലഭ്യമാണെന്ന് ചുമതലയുള്ള വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. ക്ലീൻകേരള കമ്പനി യഥാസമയം മാലിന്യം നീക്കം ചെയ്യുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. നിലവിലെ എം.സി.എഫിൽ സ്ഥലപരിമിതി ഉള്ളതിനാൽ ശേഖരിച്ച മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>മാലിന്യ സംസ്കരണം – ആരോഗ്യപരമായ മാർഗ്ഗങ്ങൾ സ്വീകരിക്കണം</u>

ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായി തരംതിരിക്കുന്നതിനും സംസ്കരണം നടത്തുന്നതിനുമുള്ള സ്ഥലപരിമിതിയുണ്ട്. ശേഖരിച്ച പ്ലാസ്റ്റിക് വസ്തുക്കൾ താൽക്കാലികമായി സംഭരിക്കുന്നത് ചക്കമല വാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താൽക്കാലിക

ഷെഡിലാണ്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഉപയോഗിക്കുന്നതിനായി വാഹനം ലഭ്യമാക്കിയിട്ടുണ്ട്. ശേഖരിച്ച മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് ആരോഗ്യപരമായി അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കേണ്ടതും, എം.സി.എഫിന് ബയിലിംഗ് യൂണിറ്റ്, ഷ്രേഡ്ഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

<u>പരിശീലനം</u>

അജൈവമാലിന്യം തരംതിരിക്കുന്നതിനുള്ള പരിശീലനം ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ സ്മാർട്ട് ഫോൺ നൽകി ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്നതിന് കെൽട്രോൺ സ്റ്റാഫ് മുഖാന്തിരവും പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. ക്യൂ.ആർ കോഡ് കവറേജിൽ ഭൂരിഭാഗം വീടുകളിലും കൈവരിച്ചതിനാൽ ഹരിതകർമ്മ സേന എന്നതിലുപരി അവർ ഗ്രീൻ ടെക്നീഷ്യൻസ് എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ടു. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനത്തിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

കാമ്പയിൻ പ്രവർത്തനങ്ങൾ

വ്യാപകമായ ഐ.ഇ.സി കാമ്പയിൻ നടത്തിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് സ്ക്വാഡ് ശക്തമായി പ്രവർത്തിക്കുന്നതായി ചുമതലയുള്ള വി.ഇ.ഒ അറിയിച്ചിട്ടുണ്ട്. കുടുംബശ്രീ, അയൽക്കൂട്ടം വഴി ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുകയും സ്നേഹാരാമം നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

അവലോകന യോഗം

എല്ലാ മാസവും ഹരിതകർമ്മസേനയുടെ പഞ്ചായത്ത് തല അവലോകനം നടത്താറുണ്ട്. ഈ യോഗത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, സിഡിഎസ് ചെയർപേഴ്സൺ, സെക്രട്ടറി, അസി.സെക്രട്ടറി, വിഇഒ എന്നിവർ പങ്കെടുത്തുവരുന്നു. എല്ലാ അവലോകനയോഗങ്ങളിലും പ്രവർത്തനത്തിലെ പോരായ്മകൾ ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നതിലേയ്ക്ക് ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി.സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ(VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

. ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായി തരംതിരിക്കുന്നതിനും സംസ്കരണം നടത്തുന്നതിനുമുള്ള സൌകര്യങ്ങൾ നിലവിൽ ഗ്രാമപഞ്ചായത്തിനില്ല.

. 46 ഹരിതകർമ്മ സേനാംഗങ്ങൾക്കും തരംതിരിക്കൽ പ്രക്രിയ നടത്തുന്നതിന് സ്ഥല സൌകര്യമില്ല.

. ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രൊഫഷണൽ ലെവലിൽ എത്തിക്കുന്നതിന് കാലതാമസം നേരിടുന്നു. എല്ലാ വാർഡിലും മിനി എം.സിൽഎഫുകൾ സ്ഥാപിക്കേണ്ടതും, സോർട്ടിംഗ് ടേബിൾ, ബയിലിംഗ് മെഷീൻ, ഷ്രേഡിംഗ് യൂണിറ്റുകൾ, സംസ്കരണ സൌകര്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സ്ഥിരം എം.സി.എഫ്. എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

. നിലവിൽ ഭവനങ്ങളിൽ നിന്നും യൂസർ ഫീ നൽകി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മാത്രമേ സാധിക്കുന്നുള്ളൂ. മറ്റ് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സൌകര്യങ്ങൾ

ഏർപ്പെടുത്തേണ്ടതുണ്ട്.

. അറവ് ശാലയിലും, ഹോട്ടലുകളിലുമുള്ള ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാലിന്യങ്ങൾ തരംതിരിച്ച്, ജൈവമാലിന്യങ്ങൾ വേർതിരിച്ചു ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള സൌകര്യങ്ങൾ നിരീക്ഷിക്കപ്പെടേണ്ടതും പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്ഥാപനം കൃത്യമായ ഇടവേളകളിൽ മാലിന്യം ഏറ്റെടുക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ നശിപ്പിക്കുന്നതിലേയ്ക്ക് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

. ഹരിത കർമ്മ സേനകൾക്ക് വരുമാനം ലഭിക്കുന്ന മൈക്രോ സംരംഭക ഗ്രൂപ്പുകളായി വളർത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ഖര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 219 എ മുതൽ എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായി തരംതിരിക്കുന്നതിനും സംസ്കരണം നടത്തുന്നതിനും എല്ലാ വാർഡുകളിലും മിനി എം.സി.എഫും. മാലിന്യം തരംതിരിച്ച് സംഭരിക്കുന്നതിലേക്കായി സ്ഥിരം എം.സി.എഫ് എന്നിവ നിർമ്മിക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, അറവുശാലകൾ ഹോട്ടലുകൾ തുടങ്ങിയവയിലെ മാലിന്യങ്ങൾ തരംതിരിച്ച്, ജൈവമാലിന്യങ്ങൾ വേർതിരിച്ചു സംസ്കരിക്കുന്നതിനുള്ള സൌകര്യങ്ങൾ നിരീക്ഷിക്കപ്പെടേണ്ടതും അല്ലാത്തപക്ഷം ഖരമാലിന്യ പരിപാലന ചട്ടം 4(1), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

4. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ നശിപ്പിക്കുന്നതിലേയ്ക്ക് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

5. മാലിന്യ സംസ്കരണത്തിനായി വ്യക്തമായ പ്ലാൻ തയ്യാറാക്കൽ, പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം, യൂസർഫി പിരിവ് മുതലായവ ഗ്രാമപഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

6. ഹരിത കർമ്മ സേനകൾക്ക് വരുമാനം ലഭിക്കുന്ന മൈക്രോ സംരംഭക ഗ്രൂപ്പുകളായി തിരിച്ച്, ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്ന പ്രദേശത്തെ ആഘോഷങ്ങൾ, ഉത്സവങ്ങൾ, സ്വകാര്യ സൽക്കാരങ്ങൾ, സർക്കാരിതര പരിപാടികൾ എന്നിവ ഏറ്റെടുത്ത് നടത്താവുന്നതാണ്.

7. കൃഷി അനുബന്ധ പ്രോജക്ടുകളിലൂടെ ഹരിതകർമ്മസേനകൾക്ക് വരുമാനം ലഭിക്കുന്ന ജൈവ വള നിർമ്മാണം, മാലിന്യ സംസ്കരണത്തിനുള്ള ഇനോക്കുലം നിർമ്മാണം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

8. ചപ്പുചവറുകൾ പൊതുനിരത്തിൽ വലിച്ചെറിയുന്നത് തടയുന്നതിലേക്കായി എല്ലാ ജംഗ്ഷനുകളെയും കേന്ദ്രീകരിച്ച് ജൈവ-അജൈവമാലിന്യങ്ങൾ പൊതുജനങ്ങൾക്ക്

നിക്ഷേപിക്കുന്നതിനായി ബിന്നുകൾ സ്ഥാപിക്കാവുന്നതാണ്.

9. പ്ലാസ്റ്റിക്കിന് ബദലായ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കേണ്ടതും അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലേലത്തുക പൂർണ്ണമായും ഈടാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പൊതുമാർക്കറ്റുകളിലെ ഗേറ്റ് ഫീസ് പിരിവ്, ഇറച്ചി വ്യാപാരം എന്നിവ നടത്തുന്നതിനുള്ള അവകാശം വിവിധ വ്യക്തികൾക്ക് ലേലം ചെയ്തു നൽകിയതിൽ ലേലതുക പൂർണ്ണമായും ഒടുക്കുവരുത്തിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ലേലയിനം | ലേലക്കാരന്റെ പേര് | ലേല തീയതി | ലേലത്തുക (രൂപ) (ജി.എസ്.റ്റി ഉൾപ്പെടെ) | ഒടുക്കിയ തുക (രൂപ) | കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| ഐരക്കുഴി മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾകെട്ടി മാട്ടിറച്ചി വ്യാപാരം | ശ്രീ.നസീർ, കൊല്ലായിൽ | 6.3.23 | 218300/- | 50000/- | 168300/- |
| കൊല്ലായിൽ മാർക്കറ്റിൽ താൽക്കാലിക സ്റ്റാൾ കെട്ടി മാട്ടിറച്ചി വ്യാപാരം | ശ്രീ.അബ്ദുൾ മജീദ്, അനസ് മൻസിൽ | 6.3.23 | 144550/- | 25000/- | 119550/- |
| മടത്തറ ബസ്സ് സ്റ്റാൻഡ് ഗേറ്റ് ഫീസ് പിരിവ് | ശ്രീ.റഹീം പാറത്തോട്ടിൽ വീട് ,കൊല്ലായിൽ | 6.3.23 | 35518/- | 20468/- | 15050/- |
| | | | | ആകെ | **302900/-** |

ഫയൽ പരിശോധിച്ചതിൽ ലേലം കൊണ്ട വ്യക്തികൾ ഗ്രാമപഞ്ചായത്തുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ലേലവ്യവസ്ഥകൾ ഖ.5 പ്രകാരം ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാലുടനെ ലേലത്തുക മുഴുവൻ ഒന്നായി ഒടുക്കുവരുത്തേണ്ടതാണെന്നും, ഖ.7 പ്രകാരം ലേലം സ്ഥിരപ്പെടുത്തി 7 ദിവസത്തിനകം 200/- രൂപയിൽ കുറയാത്ത സംഖ്യയ്ക്കുള്ള മുദ്രപ്പത്രത്തിൽ ലേലക്കാരൻ കരാർ വയ്ക്കേണ്ടതാണെന്നും ലേലത്തുക ഒട്ടാകെ ഒടുക്ക് വരുത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ലേല നിബന്ധനകൾ പാലിച്ച് കരാർ വയ്ക്കുകയും ലേല കുടിശ്ശിക ഈടാക്കുകയും ചെയ്തിട്ടില്ലാത്തതിനാൽ ലേലം ഉറപ്പിച്ചു നൽകിയ സെക്രട്ടറിയിൽ നിന്നും ലേല ഇനത്തിലെ നഷ്ടതുക 302900/-രൂപ ഈടാക്കേണ്ടതാണ്.

എൻകയറിനം **.5/15.11.24**

നഷ്ടം – **302900/-**രൂപ

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു -145000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് -എസ്. സി.കുട്ടികൾക്ക് പഠനോപകരണം (167/24)

അടങ്കൽ-250000/-രൂപ (വികസനഫണ്ട്-SCP)

ചെലവ്-250000/-രൂപ (ACR ബിൽ ന.294/23.12.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകൽ പ്രോജക്ട് പ്രകാരം മുൻവർഷം ആനുകൂല്യം ലഭിച്ചവർക്ക് തൻവർഷവും ആനുകൂല്യം നൽകി.

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 50 കുട്ടികൾക്ക് മേശയും കസേരയും ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | എണ്ണം | തുക(രൂപ) | ആകെ(ജി.എസ്.ടി ഉൾപ്പെടെ)(രൂപ ) |
|---|---|---|---|
| Steel Cushioned Chair | 50 | 963.29/- | 56834.12/- |
| Steel Table With One Drawer | 50 | 3274/- | 193166/- |
| ആകെ | | | 250000/- |

സ്റ്റോക്ക്, വിതരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ മുൻവർഷം ആനുകൂല്യം ലഭിച്ച ചുവടെപറയുന്ന 29 വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വാങ്ങി 2023-24 സാമ്പത്തിക വർഷവും നൽകിയിട്ടുണ്ട്.

| ക്രമനം. | പേര് | സ്കൂളിന്റെ പേര് |
|---|---|---|
| 1 | ആരാധ്യ, തേക്കുവിളവീട് | ജി.എച്ച് എസ്സ്.എസ്സ്. കുമ്മിൾ |
| 2 | ഋതുനന്ദ, മേലേവിളവീട് | കെ.വി.യു.പി.എസ്സ്, പാങ്ങോട് |
| 3 | അഖിലേശ്വരി.എ.എസ്, ലക്ഷം വീട് | ജി.എൽ.പി.എസ്, ചിതറ |
| 4 | വൈഷ്ണവ്.വി.എസ്, ചാവരുകാവിൽ വീട് | ജി.എൽ.പി.എസ്, ചിതറ |
| 5 | ശ്രീരുദ്ര.എസ്സ്.എസ്സ്, തടത്തരികത്ത് | ജി.എൽ.പി.എസ്, ചിതറ |
| 6 | രേണബേബി, കിഴക്കകര വീട് | ജി.യു.പി.എസ്, ുറ്റിയ്ക്കൽ |
| 7 | അനഘ അജിത്ത്, ചരുവിള പുത്തൻവീട് | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 8 | സഞ്ചയ് പ്രസാദ്, കുന്നുപുറത്ത് വീട് | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |

| | | |
|---|---|---|
| 9 | ശ്രീജിത്ത്.എസ്, സാബു വിലാസം | കെ.വി.എൽ.പി.എസ്, ചിതറ |
| 10 | അംജിത്ത് കൃഷ്ണ, ചരുവിള പുത്തൻവീട് | ജി.എൽ.പി.എസ്, ചിതറ |
| 11 | അശ്വതി.എൽ.എ, ബൗണ്ടറിൽ വീട് | ജി.എൽ.പി.എസ്, ചിതറ |
| 12 | കൃഷ്ണപ്രിയ, കാർത്തിക | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 13 | ആവണി.എ, ആശാ ഭവൻ | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 14 | ഹൃദ്യ പ്രദീപ്, കിഴക്കുംകര | എസ്സ്.എൻ.യു.പി.എസ്സ്, കൊല്ലായിൽ |
| 15 | അജേഷ് കുമാർ.ബി, ചരുവിള പുത്തൻവീട് | എസ്സ്.എൻ.എച്ച്.എസ്സ്.എസ്സ്, ചിതറ |
| 16 | സ്നേഹ.എസ്സ്.രാജ്, കല ഭവൻ | ജി.യു.പി.എസ്, തുറ്റിയ്ക്കൽ |
| 17 | അമൃത.എസ്സ്, സുശീല ഭവൻ | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 18 | അഭിമന്യു സാജൻ.എ, ചരുവിള പുത്തൻവീട് | എസ്സ്.എൻ.ജി.ഡി.വി.എച്ച്.എസ്സ്.എസ്സ്, തുറ്റിയ്ക്കൽ |
| 19 | അഭിനയ.എസ്.എസ്, ഷിജു ഭവൻ | ജി.എൽ.പി.എസ്, ചിതറ |
| 20 | ജിത്തു.എ, വൈരം | ജി.എൽ.പി.എസ്, ചിതറ |
| 21 | ബിബിൻ.ആർ, ചരുവിള പുത്തൻവീട് | ജി.എൽ.പി.എസ്, ചിതറ |
| 22 | സിബിൻ.എസ്. തിരുവോണം | ജി.എൽ.പി.എസ്, ചിതറ |
| 23 | ഐശ്വര്യ മനോജ്, ശ്രീഭദ്ര വിലാസം | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 24 | പ്രണവ്, പ്രണവ് നിവാസ് | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 25 | രേഷ്മ.എസ്.ജെ, ഷൈജ മന്ദിരം | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 26 | അംജ അഖിലേഷ്.എ.എസ്, ലക്ഷം വീട് | ജി.എൽ.പി.എസ്, ചിതറ |
| 27 | പവിത്ര പ്രശാന്ത്.പി, ചരുവിള പുത്തൻവീട് | ജി.എൽ.പി.എസ്, ചിതറ |
| 28 | ഭദ്ര.എസ്, ബിജു വിലാസം | ജി.എച്ച് എസ്സ്.എസ്സ്, ചിതറ |
| 29 | ആദിത്യൻ.ഡി, സാന്ദ്രാ ഭവൻ | എസ്സ്.എൻ.യു.പി.എസ്സ്, കൊല്ലായിൽ |

സ.ഉ(കൈ) നം.115/2022/തസ്വഭവ/28.05.2022 ഖണ്ഡിക 7.2.6 പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവിനു വിരുദ്ധമായി ആനുകൂല്യവിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് എസ്.സി. കുട്ടികൾക്കായുള്ള പഠനോപകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ കുട്ടികളുടെ പേര്, ക്ലാസ്സ് എന്നിവ ഉണ്ടായിരുന്നില്ലെന്നും, രക്ഷകർത്താക്കളുടെ പേര് മാത്രമാണുണ്ടായിരുന്നതെന്നും, ആയതു പ്രകാരമാണ് പഠനോപകരണം വിതരണം ചെയ്തതെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കളുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാകയാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഉത്തരവിനു വിരുദ്ധമായി ചെലവഴിച്ച 145000/-രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

എൻക്വയറി നം **.4/15.11.24**

നിരാകരിച്ച തുക-**145000/-**രൂപ

ഉത്തരവാദിയായഉദ്യോഗസ്ഥൻ- **ശ്രീ.ബി.രാജു, ഹെഡ്മാസ്റ്റർ**

**3-2 തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി വാഹനവാടക അനുവദിച്ചു :**

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം മെയിന്റനൻസ് നടത്തുന്നതിന് നൽകിയതിനാൽ ഔദ്യോഗിക ആവശ്യത്തിന് മറ്റൊരു വാഹനം ഉപയോഗിച്ചതായി വൗച്ചറിൽ രേഖപ്പെടുത്തി വാഹനവാടക അനുവദിച്ചു.

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം (KL24S 7301) മെയിന്റനൻസ് നടത്തുന്നതിന് 08.09.23 മുതൽ 10.09.23 വരെ തീയതികളിൽ വർക്ക്ഷോപ്പിലായതിനാൽ ഔദ്യോഗിക ആവശ്യത്തിന് മറ്റൊരു വാഹനം ഉപയോഗിച്ചതിന്റെ വാഹനവാടക 5720/-രൂപ ചെക്ക് നം.049084/12.10.23 പ്രകാരം ശ്രീ.സജേഷ്.എസ് എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഔദ്യോഗിക വാഹനം 08.09.23 & 09.10.23 തീയതികളിൽ ഓടിയിട്ടുണ്ട്. എന്നാൽ വാടകയ്ക്കെടുത്ത KL 24 R 7899 നം വാഹനം 08.09.23 തീയതിയിൽ 150 കി.മീ ഓടിയതിന് 3000/-രൂപയും 09.10.23 തീയതിയിൽ 82 കി.മീ ഓടിയതിന് 1640/-രൂപയും അനുവദിച്ചു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി വാഹനവാടക അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 4640/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

എൻക്വയറി നം.**26/20.11.24**

നിരാകരിച്ച തുക-**4640/-**രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-സെക്രട്ടറി

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 19.11.2024, 21.11.2024 | കെ.എസ്.എ.കെ.എൽ.എം.പി3/2137/24 തീയതി-03.12.2024 |

**4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 2,40,000/- | 39/24-ലൈഫ് ഭവനപദ്ധതി-എസ്.സി.പി | 2,40,000/- | - |

| | | | | | |
|---|---|---|---|---|---|
| | | 12,20,000/- | 63/24-ലൈഫ് ഭവനപദ്ധതി-ജനറൽ | 12,20,000/- | |
| | | 4,60,000/- | 216/24-ലൈഫ് ഫേസ്-3 എസ്.സി | 4,60,000/- | |
| | | 8,10,000/- | 266/24-ലൈഫ് ഭവന പദ്ധതി എസ്.സി | 8,10,000/- | - |
| | | 1,00,000/- | 203/24- ലൈഫ് ഭവന പദ്ധതി എസ്.സി | 1,00,000/- | |
| | | 2,33,400/- | 34/24- ലൈഫ് ഭവന പദ്ധതി പട്ടിക വർഗ്ഗം | 2,33,400/- | - |
| | | 2,50,000/- | 32/24-അങ്കണവാടി പോഷകാഹാരം | 2,50,000/- | - |
| | | 2,56,600/- | 35/24-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,56,600/- | |
| | | 3,91,160/- | 70/24-പാലിന് സബ്സിഡി | 3,91,160/- | - |
| ജില്ലാ പഞ്ചായത്ത് | 2023-24 | 4,80,000/- | 63/24-ലൈഫ് ഭവനപദ്ധതി-ജനറൽ | 4,80,000/- | - |
| | | 4,00,000/- | 266/24-ലൈഫ് ഭവന പദ്ധതി എസ്.സി വാർഡുകൾ | 4,00,000/- | - |
| | | 3,00,000/- | 35/24-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,00,000/- | |
| | | 4,84,569/- | 70/24-പാലിന് സബ്സിഡി | 4,84,569/- | |

## 4-3 നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും, ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | അംഗനവാടിയിലും പൊതുസ്ഥലങ്ങളിലും കുഴൽകിണറുകൾ സ്ഥാപിക്കൽ (പ്രോജക്ട് | 727/27-03-2024 | 6,10,355/- | 0 | 6,10,355/- |

| | | | | | |
|---|---|---|---|---|---|
| | നം 172/2023-24) | | | | |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് (പ്രോജക്ട് നം 122/2023-24) | 176/03-11-2023 213/21-11-23 | 1,15,234/- | 0 | 1,15,234/- |
| വനംവികാസ ഏജൻസി | മെരിസ്റ്റിക്ക ചതുപ്പുകളുടെ സംരക്ഷണം (പ്രോജക്ട് നം 290/2023-24) | 326/01-01-2024 | 7,00,000/- | 6,36,287/- | 63,713/- |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,31,20,000/-രൂപ വരവുണ്ട്. മുൻബാക്കി(-) 948875/-രൂപയടക്കം, 1,21,71,125/-രൂപയിൽ, 1,56,50,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. 34,78,875/-രൂപ വായ്പ ലഭ്യമായതിലും അധികം ചെലവഴിച്ചു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE | ലഭ്യമല്ല | 1,31,20,000/- | 9,70,41,745/- | 1,19,81,195/- | | 9,81,80,550/- |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 9589/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും / ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2021-22 | 1-16 | 8,707/- | ശ്രീമതി ആര്യ മോഹൻ | 1230100886/03.06.2023 |
| 2021-22 | 1-14 [ബി, (ബി)] | 882/- | ശ്രീ. ഷാനവാസ് (കെട്ടിട ഉടമ) | 1230101159/23.06.2023 |
| ആകെ | | **9,589/-** | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3.2 | 2009-10 | 2-2 | ബഡ്ജറ്റ് തയ്യാറാക്കുന്നതിലുള്ള പിഴവുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി തെളിവെടുപ്പ് യോഗത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2007-08 | 5.2.3(1) | 2010-11 | 5.2.3(1) | പരമ്പരാഗത തൊഴിൽ സംരക്ഷണം-പദ്ധതി നിർവ്വഹണത്തിൽ അപാകത | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും/ ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3,02,900/- | | ശ്രീ.രാജേഷ്, സെക്രട്ടറി |
| 3-1 | | 1,45,000/- | ശ്രീ.ബി.രാജു, ഹെഡ്മാസ്റ്റർ |
| 3-2 | | 4,640/- | ശ്രീമതി.അമ്പിളി.ഒ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും/ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 13,200/- | ഡോ.റീന<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-23 | 1,66,320/- | ഡോ.റീന<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 1-24 | 24,00,000/- | ഡോ. നിസ്സാം, വെറ്റിനറി സർജൻ |
| 1-26 | 6,300/- | ഡോ.എം.എ. നിസ്സാം, വെറ്റിനറി സർജൻ<br>ചിതറ ഗ്രാമ പഞ്ചായത്ത് |
| 1-28 | 7,89,302/- | ശ്രീമതി.അമ്പിളി.ഒ, സെക്രട്ടറി |

| | | |
|---|---|---|
| 1-35 | 4,00,000/- | ശ്രീമതി.അമ്പിളി.ഒ, സെക്രട്ടറി<br>ചിതറ ഗ്രാമ പഞ്ചായത്ത് |
| ആകെ | **37,75,122/-** | |

**(ബി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(സി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഡി** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും<br>ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജേഷ്,<br>സെക്രട്ടറി | സെക്രട്ടറി, അമ്പലവയൽ<br>ഗ്രാമപഞ്ചായത്ത് | അഞ്ജനം, പാമ്പുറം,<br>കല്ലുവാതുക്കൽ.പി.ഒ |
| ശ്രീമതി.അമ്പിളി<br>സെക്രട്ടറി | സെക്രട്ടറി<br>ചിതറ ഗ്രാമപഞ്ചായത്ത് | സോപാനം, ഇടവട്ടം,<br>ചിറക്കര.പി.ഒ |
| ശ്രീ.രാജു.ബി,<br>ഹെഡ്മാസ്റ്റർ | റിട്ടയേർഡ് | ആവണി, വടക്കേവിളയിൽ,<br>കുറ്റിക്കാട്.പി.ഒ, കടയ്ക്കൽ |
| ഡോ.റീന,<br>മെഡിക്കൽഓഫീസർ | എഫ്.എച്ച്.സി മാങ്കോട് | ബൈഫുൽ റിദ, ഡി.പി.എൻ 70എ<br>ടി.സി. 31/284(1) പേരൂർക്കട,<br>തിരുവനന്തപുരം |
| ഡോ.എം.എ. നിസ്സാം<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ<br>ചിതറ ഗ്രാമ പഞ്ചായത്ത് | ബർക്കത്ത്, നലമേൽ പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ്<br>റിപ്പോർട്ട്<br>വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1991-92 & 1992-93 | കെ എസ് എ കെ എൽ എം .പി-3/430/18(1)/2-03-18 |
| 1997-98 | കെ എസ് എ കെ എൽ എം .പി-3/430/18(3)/2-03-18 |
| 1999-00 | കെ എസ് എ കെ എൽ എം .പി-3/430/18(4)/2-03-18 |
| 2000-01 | കെ എസ് എ കെ എൽ എം .പി-3/430/18(5)/2-03-18 |
| 2001-02 | കെ എസ് എ കെ എൽ എം .പി-3/430/18(6)/2-03-18 |
| 2005-06 | കെ എസ് എ കെ എൽ എം .പി-3/430/18(7)/2-03-18 |

| | |
|---|---|
| 2006-07 | എൽ.എഫ്.ക്യൂ.പി-4/1323/14( 12)/14-08-14 |
| 2007-08 | എൽ.എഫ്.ക്യൂ.പി-4/1571/11/29-12-11 |
| 2008-09 | എൽ.എഫ്.ക്യൂ.പി-4/1323/14(13 )/14-08-14 |
| 2009-10 &2010-11 | എൽ.എഫ്.ക്യൂ.പി-4/1323/14(14 )/14-08-14 |
| 2011-12 &2012-13 | എൽ.എഫ്.ക്യൂ.പി-4/26/14/09-10-14 |
| 2013-14 &2014-15 | കെ.എസ്.എ.കെ.എൽ.എം-പി-4/249/ 16/22-02-16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-പി-4-329/2017/11.2.2017 |
| 2016-17 | കെ എസ് എ കെ എൽ എം .പി-3/1723/17/10.10.2017 |
| 2017-18 | കെ എസ് എ കെ എൽ എം .പി-3/91/19/05.04.19 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.3/1521/2019/09.12.2019 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി.3/332/2022/ 24.06.2022 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി3/333/2022/23/07/2022 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി3/574/23/ 05.04.2023 |
| 2022-23 | കെ.എസ്.എ.കെ.എൽ.എം.പി3/2153/23/ 28.12.2023 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 11 dated 11(I) dated 07-06-2024 and submitted on 12-08-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Chithara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Chithara Grama Panchayat as on 31-03-2024

**Date: 03/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Chithara Grama Panchayat for the Year 2023-2024.

### 1.Major Observations

NIL

## 2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit.

a) Ratios.

b) Notes on accounts.

2. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Excess Disbursement of Rs. 34,78,875/- against fund availability inrespect of life loan amount due to improper accounting.

4. An Amount of Rs. 11,20,000/-expended as life loan amount disbursement not debited to Pre Paid Programme Expense.

5. Web Saankhya Appropriation control Register doesnot match with Annual Financial Statement in the case of Plan Fund SCP, Maintenance Grant (Non- road),Maintenance Grant
(road), Central Financial Commission Grant(Tied), Central Financial Commission Grant(Basic) Suchithwamission, TSC.

6. Details regarding Grant liability shown in various liability heads in B-3 & B-4 Schedules of Balance sheet is not accurate.

7. CFC Fund-Expenditure & Closing balance doesnot match with Annual Financial Statement.

8. Bank book reconciliation not done properly.

9. Details of journal vouchers not produced.

10. DCB abstract of income heads not prepared.

11. Property tax Sanchaya differ with AFS.

12. Difference of Rs. 1,86,547/- in respect of Receivables Of Redumption.

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചിതറ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്